بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم نَحْمَدُہٗ وَنُصَلِّی عَلٰی رَسُوۡلِہِ الۡکَرِیۡم وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

ലക്കം 30

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ജൂലായ് 23/ഹി.ശം. 1399 വഫാ 23/1441 ദുൽഹിജ്ജ 01


## അല്ലാഹുവിന്റെ വചനം

یُرِیۡدُ اللّٰہُ لِیُبَیِّنَ لَکُمۡ وَیَہۡدِیَکُمۡ سُنَنَ الَّذِیۡنَ مِنۡ قَبۡلِکُمۡ وَیَتُوۡبَ عَلَیۡکُمۡ ؕ وَاللّٰہُ عَلِیۡمٌ حَکِیۡمٌ ○

(النساء:27)

'നിങ്ങൾക്കു മുമ്പേ കഴിഞ്ഞുപോയവരുടെ മാർഗ്ഗങ്ങൾ നിങ്ങൾക്കു വിവരിച്ചു തരുവാനും അതിലേക്ക് നിങ്ങളെ വഴി നടത്തുവാനും നിങ്ങൾക്കു കരുണ ചെയ്യുവാനും അല്ലാഹു ഉദ്ദേശിക്കുന്നു; അല്ലാഹു എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു.' (4:27)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ദൈവശിക്ഷയോടുള്ള ഭയമാണ് പാപത്തിൽനിന്ന് രക്ഷപ്പെടാനുള്ള ശക്തി ഉണ്ടാക്കുന്നത്. പക്ഷേ, നമ്മുടെ പാപം യേശു ഏറ്റി എന്നു സമ്മതിക്കുമ്പോൾ ആ ദൈവശിക്ഷയോടുള്ള ഭയം എങ്ങനെയുണ്ടാകാനാണ്?**

**ഈ സിദ്ധാന്തത്തിന്റെ സ്വാധീനം യഥാർഥത്തിൽ വളരെ മോശമാണ്. ഈ സിദ്ധാന്തമില്ലായിരുന്നെങ്കിൽ യൂറോപ്യൻ രാജ്യങ്ങളിൽ ഇത്രയധികം കുഴപ്പങ്ങളും കുറ്റകൃത്യങ്ങളുമുണ്ടാകുമായിരുന്നില്ല. ഇപ്പോൾ വന്നിട്ടുള്ളതുപോലെ ദുഷ്കൃത്യങ്ങളുടെ പ്രളയം ഇങ്ങനെ വരുമായിരുന്നില്ല.**

**നാം അടിസ്ഥാനപരമായ സിദ്ധാന്തത്തെ മാത്രമെ നോക്കുകയുള്ളു. നമ്മുടെ സിദ്ധാത്തിൽ ഇതാണ് എഴുതിയിട്ടുള്ളത്: فَمَنۡ یَّعۡمَلۡ مِثۡقَالَ ذَرَّۃٍ خَیۡرًا یَّرَہٗ (അസ്സിൽസാൽ:8). ഇനി ഇതിന്റെ ഫലം എന്തായിരിക്കുമെന്ന് നിങ്ങൾ സ്വയം ചിന്തിക്കുക.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### പാപ പരിഹാരസിദ്ധാന്തത്തിൽ വിശ്വസിക്കുന്നതുകൊണ്ട് മനുഷ്യൻ പാപം ചെയ്യാൻ തന്റേടിയായിത്തീരുന്നു.

പാപപരിഹാരസിദ്ധാന്തത്തിൽ വിശ്വസിക്കുന്നതുകൊണ്ട് മനുഷ്യന് പാപത്തിന്റെ ജീവിതത്തിൽനിന്ന് മുക്തനാകാൻ കഴിയുമെന്നും അവനിൽ പാപം ചെയ്യാനുള്ള ശക്തി അവശേഷിക്കുകയില്ലെന്നും ആരെങ്കിലും പറയുകയാണെങ്കിൽ അത് തെളിവൊന്നുമില്ലാത്ത കാര്യമാണ്. കാരണം ഈ സിദ്ധാന്തം അതിന്റെ വേരിൽത്തന്നെ പാപം ഉൾക്കൊള്ളുന്നു. ദൈവശിക്ഷയോടുള്ള ഭയമാണ് പാപത്തിൽനിന്ന് രക്ഷപ്പെടാനുള്ള ശക്തി ഉണ്ടാക്കുന്നത്. പക്ഷേ, നമ്മുടെ പാപം യേശു ഏറ്റി എന്നു സമ്മതിക്കുമ്പോൾ ആ ദൈവശിക്ഷയോടുള്ള ഭയം എങ്ങനെയുണ്ടാകാനാണ്? ഇതിന്റെ ഫലം അത്തരം സിദ്ധാന്തം കൊണ്ട് മനുഷ്യൻ ഒരിക്കലും ദൈവഭയമുള്ളവനാകുകയില്ലെന്നതാണ്. എന്തുകൊണ്ടെന്നാൽ ഭയഭക്തിയുടെ അടിസ്ഥാനപരമായ സിദ്ധാന്തങ്ങളിൽ ഉണ്ടാകേണ്ട പ്രവൃത്തികളെയൊന്നും അവൻ ആവശ്യമായി മനസ്സിലാക്കുകയില്ല. ഇതു നല്ലവണ്ണം ഓർക്കുക, ആത്മീയമായ പരിശുദ്ധി എപ്പോഴും അടിസ്ഥാനപരമായ തത്ത്വങ്ങളിൽനിന്ന് തന്നെയാണ് തുടങ്ങുന്നത്.

പാപപരിഹാര സിദ്ധാന്തം വിശ്വസിക്കുന്നവർ ആഭ്യന്തരമായ പരിശുദ്ധിയുടെ കർമപരമായ ഉദാഹരണം എന്താണ് സ്ഥാപിച്ചിട്ടുള്ളത്? എന്ന് നാം നോക്കുന്നു. യൂറോപ്പിലെ ദുഷ്കർമങ്ങൾ എല്ലാവർക്കും അറിയുന്നതാണ്. കുറ്റകൃത്യങ്ങളുടെ മാതാവും അവിശുദ്ധതകളുടെ മാതാവുമാണ് മദ്യം. അത് യൂറോപ്പിൽ എത്രമാത്രം വ്യാപിച്ചിരിക്കുന്നുവെന്നാൽ അതിനുദാഹരണം മറ്റു ഒരു രാജ്യങ്ങളിലും ലഭിക്കുകയില്ല. ലണ്ടനിലെ മദ്യക്കടകൾ ഒരു ലൈനിൽ വെക്കുകയാണെങ്കിൽ 75 മൈൽവരെ അതു നീളുന്നതായിരിക്കുമെന്ന് ഞാൻ ഏതോ പത്രത്തിൽ വായിച്ചിരുന്നു. അവർക്ക് നല്കപ്പെട്ട ഈ അധ്യാപനം കൊണ്ട് എല്ലാ പാപങ്ങളും മാപ്പായിരിക്കുന്നുവെന്ന സർട്ടിഫിക്കേറ്റാണ് കൊടുക്കപ്പെട്ടിട്ടുള്ളത്. ഇനി അതിന്റെ സ്വാധീനം എന്തായിരിക്കുമെന്ന് ക്രിസ്ത്യാനികൾ ചിന്തിച്ച് നമുക്ക് മറുപടി തരിക.

നഊദുബില്ലാഹ് ഈ സിദ്ധാന്തം നമ്മുടേതായിരുന്നുവെങ്കിൽ നമ്മുടെമേൽ അതിന്റെ എത്രമാത്രം മോശമായ സ്വാധീനമുണ്ടാകുമായിരുന്നു. നഫ്സ് അമ്മാറ അഥവാ ദോഷപ്രവണമായ ആത്മാവ് ഉതവി തന്നെ അന്വേഷിക്കുന്നു. ശിയാക്കളെപ്പോലെ! അവർ ഇമാം ഹുസയ്ൻ(റ)ന്റെ ഉതവിയെടുത്തു. ദൈവഭയത്തിന്റെ മറവിൽ അവർ എന്തുപറഞ്ഞാലും അത് വളരെ കുറവാണ്. ഞാൻ അതേ ഉതവിയുടേയും ഇമാം ഹുസയ്ന്റെ പ്രായശ്ചിത്തത്തിന്റേയും സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ശിയാക്കളിൽ മുത്തഖി വളരെ കുറവായിരിക്കുമെന്ന് ധൈര്യത്തോടുകൂടി പറയുന്നു. ഖലീഫ മുഹമ്മദ് ഹസൻ സാഹിബ്, വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ള *ഫദയ്നാഹു ബി ദിബ്ഹിൻ അളീം*(അസ്സാഫാത്ത്:108) എന്ന വചനത്തിൽനിന്ന് ഇമാം ഹുസയ്ന്റെ ശഹീദാകൽ പ്രകടമാകുന്നുണ്ടെന്ന് എഴുതി. താൻ വിശുദ്ധ ഖുർആനിന്റെ കാതലിലെത്തി എന്ന നിലയിൽ ഈ പോയന്റിൽ അദ്ദേഹം അതീവ സന്തുഷ്ടനായി.

അദ്ദേഹത്തിന്റെ ഈ പോയിന്റ് വെളിപ്പെടുത്തലിൽ എനിക്കൊരു കറുപ്പ് തിന്നുന്നവന്റെ ഹിക്കായത്ത് ഓർമവന്നു. അത് ഇതാണ്. ഒരു കറുപ്പ് തിന്നുന്നവന്റെ കൈയിൽ ഒരു മൊന്തയുണ്ടായിരുന്നു. അതിന് ഓട്ടയുണ്ടായിരുന്നു. വെളിയിലിരിക്കാൻ പോയി, അതുകഴിഞ്ഞ് കഴുകാൻ നോക്കുമ്പോൾ മൊന്തയിലെ വെള്ളമെല്ലാം തീർന്നിട്ടുണ്ടാകും. അവസാനം ഒരുപാട് ചിന്തയ്ക്കും ആലോചനയ്ക്കും ശേഷം ആദ്യമെതന്നെ കഴുകിയിട്ടിരിക്കാം എന്ന തീരുമാനത്തിലെത്തി. ആ തീരുമാനത്തിൽ അയാൾ സന്തോഷിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള പോയിന്റും കുറിപ്പടിയുമാണ് അയാൾക്കുകിട്ടിയത്. അവർ *ഫദയ്നാഹു ബി ദിബിഹിൻ അളീം* എന്നതിൽനിന്ന് ഇമാം ഹുസയ്ന്റെ ശഹാദത്ത് പുറത്തു കൊണ്ടുവരുന്നു. ശിയാക്കളുടെ മസ്ജിദുകൾവരെ വൃത്തിയുള്ള തായിരിക്കുകയില്ല. നാം ഒരു ശിയാ ഉസ്താദിൽനിന്ന് പഠിക്കാറുണ്ടായിരുന്നു. അവിടെ നായ്ക്കളും മൂത്രവും മലവും കൊണ്ടു നിറയുമായിരുന്നു. ആരെങ്കിലും അവിടെ നമസ്കരിക്കുന്നതായി കണ്ടത് എനിക്കോർമയില്ല. തങ്ങൾക്കുവേണ്ടി ഇമാം ഹുസയ്നും അഹ്ലെ ബയ്ത്തും ശഹീദായിക്കഴിഞ്ഞിരിക്കുന്നുവെന്നാണ് ശിയാക്കൾ പറയുന്നത്. അവരുടെ ദുഃഖത്തിൽ കരയുകയും വിലപിക്കുകയും ചെയ്താൽ മതിയത്രെ! സ്വർഗം കിട്ടാൻ മറ്റൊരു കർമത്തിന്റെയും ആവശ്യമില്ലത്രെ! ഇങ്ങനെതന്നെയാണ് ക്രിസ്ത്യാനികളും പറയുന്നത്. യേശുവിന്റെ രക്തം തങ്ങളുടെ പാപം പോക്കിയെന്ന്! അപ്പോൾ നാം ചോദിക്കുന്നു, നിങ്ങളുടെ പാപങ്ങളെ കുറിച്ചും ചോദിക്കപ്പെടുകയും അതിന്റെ ശിക്ഷ നിങ്ങൾക്ക് അനുഭവിക്കേണ്ടിവരികയും ചെയ്യുമെന്നു വരുമ്പോൾ ഈ മോക്ഷമെങ്ങനെ?

ഈ സിദ്ധാന്തത്തിന്റെ സ്വാധീനം യഥാർഥത്തിൽ വളരെ മോശമാണ്. ഈ സിദ്ധാന്തമില്ലായിരുന്നെങ്കിൽ യൂറോപ്യൻ രാജ്യങ്ങളിൽ ഇത്രയധികം കുഴപ്പങ്ങളും കുറ്റകൃത്യങ്ങളുമുണ്ടാകുമായിരുന്നില്ല. ഇപ്പോൾ വന്നിട്ടുള്ളതുപോലെ ദുഷ്കൃത്യങ്ങളുടെ പ്രളയം ഇങ്ങനെ വരുമായിരുന്നില്ല. ലണ്ടനിലേയും പാരിസിലേയും ഹോട്ടലുകളിലും പാർക്കുകളിലും പോയി എന്താണ് നടക്കുന്നതെന്ന് നോക്കുക. അവിടെനിന്ന് വരുന്നവരോടു ചോദിക്കുക. ഈയിടെയായി അനുവദനീയമല്ലാത്ത വഴികളിലൂടെ ജനിച്ച കുട്ടികളുടെ ലിസ്റ്റു പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു വരുന്നു.

### പാപപരിഹാരസിദ്ധാന്തം പ്രകൃതിനിയമത്തിനു വിരുദ്ധമാണ്.

നാം അടിസ്ഥാനപരമായ സിദ്ധാന്തത്തെ മാത്രമെ നോക്കുകയുള്ളു. നമ്മുടെ സിദ്ധാന്തത്തിൽ

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# മോക്ഷപ്രാപ്തിക്ക് മുഹമ്മദു നബി(സ)യെ വിശ്വസിക്കണ്ടേ? – 6

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

(തുടർച്ച...) (വാഗ്ദത്ത മഹ്ദീ മസീഹ്)

### യഥാർഥ അന്ധൻ ദൈവനിയോഗിതനെ തിരിച്ചറിയാത്തവൻ

അവസാനമായി അബ്ദുൽ ഹക്കീംഖാന്റെ മാർഗഭ്രംശത്തിന് കാരണമായിത്തീർന്നതും നബി(സ)തിരുമേനിയെ പിൻപറ്റേണ്ട ആവശ്യമില്ലെന്ന് അയാൾ ധരിക്കാനിടയായതുമായ അക്കാര്യം എന്താണെന്നുകൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് വിശുദ്ധഖുർആനിലെ ഒരായത്തിനെ സംബന്ധിച്ചുള്ള തെറ്റായ ധാരണയാണ്. അറിവില്ലായ്മയും ചിന്താശൂന്യതയും കൊണ്ടാണ് അതുണ്ടായത്. ആ വചനം ഇതാണ്.

ഇസ്‌ലാമിൽ പ്രവേശിച്ചു കഴിഞ്ഞിട്ടുള്ളവരും യഹൂദികളും ക്രിസ്ത്യാനികളും നക്ഷത്രാരാധകരും, അവരിൽനിന്ന് ആരു അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നുവോ അവരെ അല്ലാഹു നഷ്ടത്തിലാക്കുകയില്ല. അങ്ങനെയുള്ളവരുടെ പ്രതിഫലം അവരുടെ രക്ഷിതാവിന്റെ പക്കലുണ്ട്. അവർക്ക് ഒട്ടും ഭയമുണ്ടാകുന്നതല്ല; അവർ ദുഃഖിയ്ക്കുന്നതുമല്ല.

ഇതാകുന്നു അറിവില്ലായ്മയും കുരുട്ട്ബുദ്ധിയും കൊണ്ട്, നബി(സ)തിരുമേനിയിൽ വിശ്വസിക്കേണ്ട ആവശ്യമില്ലെന്ന് അർഥം പറയുന്ന ആയത്ത് അഥവാ വചനം. വ്യസനമെന്നുപറയട്ടെ, ഇക്കൂട്ടർ തങ്ങളുടെ ദോഷപ്രവണമായ ആത്മാവിന് അടിപ്പെട്ട് ഖുർആനിന്റെ ഖണ്ഡിതവും വ്യക്തവുമായ വചനങ്ങളെ എതിർക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാമിൽനിന്ന് പുറത്തുപോകാൻ സാദൃശ്യവചനങ്ങളുടെ അഭയം അന്വേഷിക്കുന്നു. ഈ വചനത്തിൽ നിന്ന് അവർക്ക് ഒരു പ്രയോജനവും കിട്ടുകയില്ലെന്ന് അവർ ഓർത്തുകൊള്ളട്ടെ കാരണം അല്ലാഹുവിൽ വിശ്വസിക്കുകയും അന്ത്യദിനത്തിൽ വിശ്വസിക്കുകയും ചെയ്യുക എന്നത് വിശുദ്ധഖുർആനിലും നബി(സ) തിരുമേനിയിലും വിശ്വസിക്കുക എന്ന കാര്യവുമായി വിഭജിക്കാനാവാത്ത തരത്തിൽ ബന്ധപ്പെട്ടുകിടക്കുന്നു. ഇതിനുകാരണം അല്ലാഹു, സർവലോകപരിപാലകനും ഭൂമിയും ആകാശവും ആറുദിവസങ്ങൾക്കൊണ്ടു ഉണ്ടാക്കിയവനും ആദമിനെ സൃഷ്ടിച്ചവനും റസൂൽമാരെ അയച്ചവനും ഗ്രന്ഥങ്ങൾ അവതരിപ്പിച്ചവനും പിന്നീട് ഖാത്തമുൽ അമ്പിയാഉം ഖയ്റുൽറസൂലുമായ ഹസ്റത്ത് മുഹമ്മദു മുസ്തഫാ(സ)യെ സൃഷ്ടിച്ചവനുമായ ഉണ്മയാണ് അല്ലാഹു എന്ന്, അല്ലാഹുതന്നെ തന്റെ പേരിന് വിശുദ്ധ ഖുർആനിൽ നിർവചനം നൽകിയിരിക്കുന്നു എന്നതാണ്. മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്ന നാളാണ് വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ അന്ത്യദിനം. അനന്തരം ഒരു കക്ഷി സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടും. അത് ശാരീരികവും ആത്മീയവുമായ അനുഗ്രഹത്തിന്റെ സ്ഥലമാണ്. ഒരു കക്ഷി നരകത്തിൽ കടത്തപ്പെടും. അത് ശാരീരികവും ആത്മീയവുമായ ശിക്ഷയുടെ സ്ഥലവുമാണ്. പ്രസ്തുത അന്ത്യദിനത്തിൽ വിശ്വസിക്കുന്നവർ മാത്രമാണെന്ന് അല്ലാഹു വിശുദ്ധഖുർആനിൽ വ്യക്തമാക്കുന്നു.

അല്ലാഹു അവൻതന്നെ, അല്ലാഹു എന്ന പദത്തേയും അന്ത്യദിനത്തേയും ഇസ്‌ലാമുമായി പ്രത്യേകപ്പെടുത്തിക്കൊണ്ട് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നിർബന്ധമായും വിശുദ്ധഖുർആനിലും നബി(സ)തിരുമേനിയിലും വിശ്വസിക്കുന്നവരാണ് എന്നർഥം പറയുമ്പോൾ ആ അർഥത്തെ മാറ്റിമറിക്കാൻ ആർക്കും അധികാരമില്ല. വിശുദ്ധഖുർആൻ വിശദീകരിച്ചിട്ടുള്ള അർഥത്തിന് നിരക്കാത്തതും വിരുദ്ധവുമായ അർഥം സ്വന്തം നിലയിൽ കണ്ടുപിടിക്കുകയെന്നത് നമുക്ക് ചേർന്നതല്ല. നാം ആദ്യം മുതൽ അവസാനംവരെ വിശുദ്ധഖുർആൻ ശ്രദ്ധയോടും സൂക്ഷ്മതയോടും കൂടി നിരവധിതവണ പാരായണം ചെയ്തിട്ടുണ്ട്. അതിന്റെ അർഥത്തിൽ നല്ലവണ്ണം ചിന്തിച്ചിട്ടുമുണ്ട്. വിശുദ്ധഖുർആനിൽ അല്ലാഹുവിന്റെ സവിശേഷഗുണങ്ങളും അവന്റെ പ്രവർത്തനങ്ങളും എത്രത്തോളം പ്രതിപാദിച്ചിട്ടുണ്ടോ ആ എല്ലാ സവിശേഷഗുണങ്ങളുടെയും വർണ്ണിക്കപ്പെട്ട നാമം അല്ലാഹു എന്നതാണെന്ന് അവിതർക്കിതമായ നിലയിൽ നമുക്ക് മനസ്സിലായി. ഉദാഹരണത്തിന് അത് പറയുന്നു:

(എല്ലാ സ്തുതിയും സർവലോകപരിപാലകനായ അല്ലാഹുവിനാകുന്നു. പരമകാരുണികൻ. കരുണാമയൻ) ഇപ്രകാരം തന്നെ, വിശുദ്ധഖുർആനിറക്കിയത് അല്ലാഹുവാണെന്ന് പറയുന്നതും മുഹമ്മദു റസൂലുല്ലാഹ്(സ)യെ അയച്ചത് അല്ലാഹുവാണെന്ന് വിവരിക്കുന്നതുമായ മറ്റു ധാരാളം വചനങ്ങളുമുണ്ട്. ഖുർആനികമായ സങ്കേതികാർഥത്തിൽ, അല്ലാഹു എന്ന പദത്തിന്റെ ഉള്ളടക്കത്തിൽ ഹദ്റത്ത് മുഹമ്മദ് (സ)നെ അയച്ചത് അവനാണെന്ന് വരുമ്പോൾ, അല്ലാഹുവിൽ വിശ്വസിക്കുന്നവന്റെ വിശ്വാസം വിശ്വസനീയവും നേരായതുമാകണമെങ്കിൽ നബി(സ) തിരുമേനിയിൽ വിശ്വസിച്ചിരിക്കേണ്ടത് നിർബന്ധമാണ്. അല്ലാഹു ആ ആയത്തിൽ മൻ ആമനബിർറഹ്മാൻ എന്നോ, മൻ ആമനബിർറഹീം എന്നോ മൻആമനബിർകരീം എന്നോ അല്ല പറഞ്ഞത്. മറിച്ച് മൻആമന ബില്ലാഹി എന്നാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹു എന്നതിന്റെ വിവക്ഷിതം പരിപൂർണമായ എല്ലാ സവിശേഷഗുണങ്ങളുടെയും സമ്മേളനകേന്ദ്രമായ ഉൺമ എന്നാകുന്നു. വിശുദ്ധഖുർആനെ അവൻ ഇറക്കിയെന്നത് അവന്റെ മഹത്തായൊരു സവിശേഷഗുണമാണ്. ഈ രീതിയിൽ നബി(സ) തിരുമേനിയിലും വിശുദ്ധഖുർആനിലും വിശ്വസിച്ചിട്ടുള്ള വ്യക്തിയെ സംബന്ധിച്ചു അല്ലാഹുവിന്റെ വിശ്വസിച്ചിട്ടുള്ള വ്യക്തിയെന്ന് നമുക്ക് പറയാൻ സാധിക്കുകയുള്ളൂ. അപ്പോൾ 'ഇന്നല്ലദീനആമനൂ' എന്നതിന്റെ അർഥമെന്താണെന്ന് ആരെങ്കിലും ചോദിച്ചാൽ, അല്ലാഹുവിന്റെ റസൂലിൽ വിശ്വസിക്കാത്തിടത്തോളം അല്ലെങ്കിൽ ആ വിശ്വാസം പൂർണമാക്കാത്തിടത്തോളം കേവലം അല്ലാഹുവിൽ വിശ്വസിക്കുന്നവരുടെ വിശ്വാസം വിശ്വസനീയമല്ലെന്ന് അവർ ഓർമിച്ചുകൊള്ളട്ടെ. വിശുദ്ധഖുർആനിൽ പരസ്പരവിരുദ്ധമായ കാര്യങ്ങളൊന്നുമില്ലെന്ന് അറിയുക. നൂറുകണക്കിന് വചനങ്ങളിൽ തൗഹീദ് മാത്രം പോരാ; തന്റെ നബിയിൽ വിശ്വസിക്കേണ്ടത് മോക്ഷപ്രാപ്തിക്ക് നിർബന്ധമാണെന്ന് അല്ലാഹു പറയുമ്പോൾ – ആ നബിയെക്കുറിച്ച് അറിയാത്തവർക്ക് ഇത് ബാധകമല്ല – ഏതെങ്കിലും ഒരായത്തിൽ ഇതിനു വിരുദ്ധമായി വിശുദ്ധഖുർആനിലും നബി(സ)തിരുമേനിയിലും വിശ്വസിക്കേണ്ട ആവശ്യമില്ല. തൗഹീദിലുള്ള വിശ്വാസംകൊണ്ടു മാത്രം മോക്ഷം ലഭിക്കുമെന്ന് അതിനെങ്ങനെയാണ് പറയാൻ കഴിയുക. ഈ വചനത്തിൽ തൗഹീദിനെക്കുറിച്ച് ഒന്നും തന്നെ പറഞ്ഞിട്ടില്ലെന്നുള്ളതാണ് ഏറെ വിചിത്രം. തൗഹീദാണ് ഉദ്ദേശ്യമായിരുന്നെങ്കിൽ ഇങ്ങനെ പറയേണ്ടിയിരുന്നു; മൻ ആമന ബിത്തൗഹീദി എന്നാൽ ആയത്തിന്റെ വാക്കുകൾ മൻ ആമന ബില്ലാഹി എന്നാണ്. വിശുദ്ധഖുർആനിൽ 'അല്ലാഹു' എന്ന പദം ഏതെല്ലാം അർഥങ്ങളിലാണ് പ്രയുക്തമായിട്ടുള്ളതെന്ന് ചിന്തിക്കാൻ ആമന ബില്ലാഹി എന്ന വാക്കുകൾ നമ്മെ നിർബന്ധിക്കുന്നു. വിശുദ്ധഖുർആൻ അവതരിപ്പിച്ചവനും ഹസ്റത്ത് മുഹമ്മദു മുസ്തഫ(സ)യെ അയച്ചവനും അല്ലാഹുവാണെന്ന്, അല്ലാഹു എന്ന പദത്തിന്റെ ഉള്ളടക്കത്തിൽ അന്തർഭവിച്ചിട്ടുണ്ടെന്ന് വിശുദ്ധഖുർആൻ വിവരിച്ച അർഥത്തെയാണ് നാം സ്വീകരിക്കേണ്ടത്.(ബദ്ർ 20)

ഇതിനുപുറമെ മോക്ഷം പ്രാപിക്കുന്നതിന് അല്ലാഹുവിന്റെ അസ്തിത്വത്തിൽ മനുഷ്യൻ പൂർണ്ണമായ ദൃഢവിശ്വാസം ഉണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് നാം വിശദീകരിച്ചു കഴിഞ്ഞതാണ്. വിശ്വാസം മാത്രം പോരാ: അനുസരിക്കാൻ തയ്യാറാവുകയും അവന്റെ തൃപ്തിയുടെ മാർഗങ്ങളെ തിരിച്ചറിയുകയും വേണം. ലോകമുണ്ടായനാൾ മുതൽ ഈ രണ്ടു

(ശേഷം പേജ് 11ൽ)

### ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,*
*'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'*
*(മുസ്‌ലിം)*

ത്വാലിബെ ദുആ
P.Abdul Ameer
Sadr, Ahmadiyya jama'ath Pathapiriyam (Kerala)

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Mathottam (Kerala)

## ഖുത്ബ ജുമുഅ

ഈ പ്രാരംഭകാല സ്വഹാബത്തിന്റെ ത്യാഗങ്ങൾ വളരെ അധികമായിരുന്നു. അതിനോടു മത്സരിക്കാൻത്തന്നെ കഴിയുകയില്ല.

നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനെ കുറിച്ച് പറഞ്ഞു: 'അദ്ദേഹം മുസ്‌ലിമീങ്ങളുടെ നേതാക്കന്മാരുടേയും നേതാവാകുന്നു. അബ്ദുർറഹ്മാൻ ആകാശത്തിലും അമീനാണ്, ഭൂമിയിലും അമീനാണ്.'

ഉഹുദ് യുദ്ധ ദിവസം മുസ്‌ലിമീങ്ങളുടെ കാലുകൾ ഇടറിയപ്പോൾ
ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)നബി(സ)തിരുമേനിയോടൊപ്പം ഉറച്ചുനിന്നു.

നബി(സ)തിരുമേനി, തന്നെ പിന്തുടർന്നു നമസ്കരിച്ചുവെന്ന സൗഭാഗ്യവും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന് ലഭിച്ചു...... നബി(സ)തിരുമേനി പറഞ്ഞു: 'ഓരോ നബിയും തന്റെ ജീവിതത്തിൽ സമുദായത്തിലെ ഏതെങ്കിലും സാത്വികനായ മനുഷ്യന്റെ പിന്നിൽ തീർച്ചയായും നമസ്കരിക്കാറുണ്ട്.

അശ്റമുബശ്ശറയിൽപ്പെട്ട നബി(സ)തിരുമേനിയുടെ മഹത്തായ സ്ഥാനമുള്ള ബദ്‌രി സ്വഹാബി
ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന്റെ സ്തുത്യർഹമായ അനുസ്മരണം

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) നബി(സ)തിരുമേനി സ്വർഗ്ഗത്തെക്കുറിച്ച് സുവാർത്ത നൽകിയ അശ്റാ മുബശ്ശറയിൽപെട്ടയാളാണ്. അദ്ദേഹത്തിന് സ്വർഗ്ഗത്തെക്കുറിച്ചുള്ള സുവാർത്തയും നബി(സ)തിരുമേനി നല്കിയിരുന്നു. പക്ഷേ, എന്നിട്ടും അക്കൂട്ടരിൽ അല്ലാഹുവിനോടുള്ള ഭയവും പേടിയും എത്രമാത്രമായിരുന്നുവെന്നാൽ സദാസമയം അതിനെക്കുറിച്ചുള്ള ചിന്തയിലായിരുന്നു.

നബി(സ)തിരുമേനി ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്, 'ഏതെങ്കിലും പ്രദേശത്ത് പകർച്ചവ്യാധി പൊട്ടി പുറപെട്ടിട്ടുണ്ടെന്ന് നിങ്ങൾ കേട്ടാൽ ആ പ്രദേശത്തേക്കു നിങ്ങൾ പോകരുത്. നിങ്ങൾ താമസിക്കുന്ന പ്രദേശത്താണ് പകർച്ചവ്യാധി പടർന്നിട്ടുള്ളതെങ്കിൽ അവിടെനിന്നും നിങ്ങൾ പുറത്തു പോകുകയും അരുത്. ആ വ്യാധി മറ്റുള്ളവർക്ക് പകരാതിരിക്കാനായി നിങ്ങൾ നിങ്ങളെ സ്വയം അവിടെതന്നെ അടച്ചിടുക.'

**ഖുത്ബ ജുമുഅ 2020 ജൂൺ 19/1399 ഇഹ്സാൻ 19**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ഖുത്ബയിൽ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)നെക്കുറിച്ചുള്ള ചർച്ച നടന്നു വിരികയായിരുന്നു. അതിന്റെ കുറച്ചുഭാഗംകൂടി ബാക്കിയുണ്ടായിരുന്നു. അതിന്ന് വിവരിക്കുന്നതാണ്.

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന് ഉമയ്യ ബിൻ ഖലഫിനോടു പഴയകാല സുഹൃത്ബന്ധങ്ങളുണ്ടായിരുന്നു. അതിനെ സംബന്ധിച്ചു വിശദീകരിച്ചുള്ള ഒരു സംഭവം സ്വഹീഹുൽബുഖാരിയിൽ വിവരിച്ചിരിക്കുന്നു. അതിൽ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറയുന്നു: 'മക്കയിലെ എന്റെ സ്വത്തുവകകൾ സംരക്ഷിക്കണമെന്നും അയാളുടെ മദീനത്തുള്ള സ്വത്തുവകകൾ ഞാൻ സംരക്ഷിക്കുന്നതാണെന്നും പറഞ്ഞ് ഉമയ്യ ബിൻ ഖലഫിന് ഒരു കത്തെഴുതി. അങ്ങനെ ഞാൻ 'റഹ്മാൻ' എന്നെഴുതിയപ്പോൾ ഉമയ്യ പറഞ്ഞു: 'റഹ്മാനെ ഞാൻ അറിയുകയില്ല. ജാഹിലിയ്യ കാലത്തെ നിന്റെ പേരുതന്നെ എനിക്ക് എഴുതിത്തരിക.' അപ്പോൾ ഞാൻ 'അബ്ദു അംറ്' എന്ന് അയാൾക്കെഴുതിക്കൊടുത്തു. അങ്ങനെ ബദ്ർ ദിവസം സമാഗതമായപ്പോൾ ഒരു പർവ്വതത്തിന്റെ നേരെ ഞാൻ പുറപ്പെട്ടു; ജനങ്ങൾ ഉറങ്ങിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഞാൻ അയാൾക്കു സംരക്ഷണം നല്കാൻവേണ്ടി. അപ്പോൾ ബിലാൽ ഉമയ്യത്തിനെ കണ്ടു. അദ്ദേഹം പുറപ്പെട്ടു. അൻസ്വാറിന്റെ ഒരു സംഘത്തിന്റെ അടുത്തു വന്നു ബിലാൽ പറഞ്ഞു: അതാ! ഉമയ്യ ബിൻ ഖലഫ്. അയാൾ രക്ഷപ്പെട്ടാൽ എനിക്ക് രക്ഷയില്ല. ഉടനെ ബിലാലിന്റെ കൂടെ ഒരു സംഘം അൻസ്വാർ ഞങ്ങളുടെ അടുക്കലേക്ക് പുറപ്പെട്ടു. ഞങ്ങളെ അവർ പിടികൂടുമെന്ന് ഞാൻ ഭയപ്പെട്ടപ്പോൾ ഉമയ്യത്തിന്റെ മകനെ ഞാൻ അവർക്കു നല്കി; അവർ ഉമയ്യത്തിൽനിന്ന് അശ്രദ്ധരാകുവാൻ! അപ്പോൾ അവർ അവനെ വധിച്ചു. ശേഷം അവർ ഞങ്ങളെ പിന്തുടരുകതന്നെ ചെയ്തു. ഉമയ്യത്ത് തടിച്ച ഒരു മനുഷ്യനായിരുന്നു. അവർ ഞങ്ങളെ സമീപിച്ചപ്പോൾ ഞാൻ പറഞ്ഞു: നീ മുട്ടുകുത്തിയിരിക്കുക. അപ്പോൾ അയാൾ മുട്ടുകുത്തിയിരുന്നു. എന്റെ ശരീരത്തെ ഞാൻ അയാളുടെ മേൽ ഇട്ടു; അയാളെ രക്ഷിക്കാൻവേണ്ടി. എങ്കിലും എന്റെ ഇടയിലൂടെ വാൾ അവർ പ്രവേശിപ്പിച്ചുകൊണ്ട് അയാളെ വധിച്ചുകളഞ്ഞു. അവരിൽ ഒരാളുടെ വാൾ എന്റെ കാലിനു മുറിവേല്പിച്ചു. അബ്ദുർറഹ്മാൻ ആ മുറിവ് ഞങ്ങളെ കാണിക്കാറുണ്ട്.' (സ്വഹീഹുൽബുഖാരി, കിതാബുൽവക്കാല, ഹദീഥ് 2301)

ത്വബ്‌രിയുടെ ചരിത്രത്തിൽ ഇതിന്റെ കൂടുതൽ വിശദീകരണം ഇങ്ങനെ വിവരിച്ചിരിക്കുന്നു: ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)പറയുന്നു: മക്കയിൽ ഉമയ്യ് ബിൻ ഖലഫ് എന്റെ സുഹൃത്തായിരുന്നു. അന്ന് എന്റെ പേര് 'അബ്ദു അംറ്' എന്നായിരുന്നു. മക്കയിൽത്തന്നെ ഞാൻ ഇസ്‌ലാം സ്വീകരിച്ചപ്പോൾ എന്റെ പേര് 'അബ്ദുർ റഹ്മാൻ' എന്ന് വെക്കപ്പെട്ടു. ഉമയ്യ എപ്പോൾ കണ്ടുമുട്ടിയാലും അബ്ദു അംറേ! എന്നായിരിക്കും വിളിക്കുക. നീ നിന്റെ പിതാവിട്ട പേരിൽനിന്ന് പിന്മാറുകയാണോ എന്ന് ചോദിക്കും. അതേ എന്നു ഞാൻ പറയും! അപ്പോൾ ഉമയ്യ പറയും, റഹ്മാനെ എനിക്കറിയുകയില്ല. വേറെ ഏതെങ്കിലും പേരിടുന്നതാണ് നല്ലത്. അത് ആയിരിക്കും ഞാൻ നിന്നെ വിളിക്കുക. കാരണം നിന്റെ പഴയപേരിൽ നീ എനിക്കു മറുപടി തരുന്നില്ല. എനിക്കറിയാത്ത പേരിൽ ഞാൻ നിന്നെ വിളിക്കുകയുമില്ല. ഉമയ്യാ അദ്ദേഹത്തോടു പറഞ്ഞു: നിന്റെ പേര് 'അബ്ദുൽ ഇലാഹ് ബഹുത്തർ' എന്നായിരിക്കും. 'ശരി' എന്ന് ഞാൻ സമ്മതിച്ചു. അങ്ങനെ അതിനുശേഷം ഞങ്ങൾ ഇരുവരും കണ്ടുമുട്ടുമ്പോൾ ഉമയ്യ എന്നെ 'അബ്ദുൽ ഇലാഹ്' എന്ന് വിളിക്കുമായിരുന്നു. ഞാൻ വിളിക്കുത്തരം നല്കുകയും ഉമയ്യായുമായി സംസാരിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ ബദ്ർ ദിവസം വന്നു. ഞാൻ ഉമയ്യായുടെ അടുത്തൂടെ കടന്നുപോകുകയായിരുന്നു. അയാൾ തന്റെ മകൻ അലിയ്യ് ബിൻ ഉമയ്യായുടെ കൈപിടിച്ച് നിൽക്കുകയായിരുന്നു. എന്റെ കൈയിൽ ഞാൻ കരസ്ഥമാക്കിയ ഒരുപാട് ഇരുമ്പുചട്ടകളുണ്ടായിരുന്നു. അതുമെടുത്താണ് ഞാൻ പോയിരുന്നത്. ഉമയ്യാ എന്നെ കണ്ടപ്പോൾ അബ്ദു അംറേ! എന്നു വിളിച്ചു. അതിനു ഞാൻ മറുപടി ഒന്നും നല്കിയില്ല. അപ്പോൾ അയാൾ 'അബ്

ദു ഇലാഹെ' എന്നു വിളിച്ചു. ഞാൻ ചോദിച്ചു, എന്താ പറയുന്നത്? അയാൾ പറഞ്ഞു: ഞാൻ നിനക്ക് നീ കൊണ്ടുപോകുന്ന ഈ ഇരുമ്പു ചട്ടകളെക്കാൾ നല്ലവനല്ലേ? ഞാൻ പറഞ്ഞു, അങ്ങനെയാണെങ്കിൽ നീ വരിക. അയാൾക്ക് അഭയം നല്കുന്നതിന് ഞാൻ ആ ഇരുമ്പ് ചട്ടകൾ അവിടെ ഇട്ടു. അവരിരുവരുടേയും കൈപിടിച്ചു. ഉമയ്യ പറഞ്ഞു: ഇന്നത്തെപോലൊരു ദിവസം എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. ഈ ദിവസം കഴിഞ്ഞതുപോലെ ഞാനൊരിക്കലും കണ്ടിട്ടുമില്ല. എന്തായാലും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറയുന്നു: ഞാൻ അവരിരുവരേയും കൂടെ കൊണ്ടുപോയി. പിതാവിന്റേയും മകന്റേയുമിടയിൽ അവരുടെ കൈ പിടിച്ചുകൊണ്ട് ഞാൻ നടന്നു പോകുകയായിരുന്നു. ഉമയ്യ എന്നോടു ചോദിച്ചു, അബ്ദു ഇലാഹേ! ഒട്ടകപ്പക്ഷിയുടെ ചിറക് അടയാളമെന്ന നിലയിൽ നെഞ്ചിൽ പതിച്ചിട്ടുള്ള നിങ്ങളിലുള്ള ആ വ്യക്തിയാരാണ്? അത് ഹംസത്ത് ബിൻ അബ്ദുൽമുത്ത്വലിബാണെന്ന് ഞാൻ പറഞ്ഞു. അപ്പോൾ ഉമയ്യ പറഞ്ഞു: ഞങ്ങൾക്ക് ഈ ദുർഗതിയുണ്ടായത് അയാളു നിമിത്തമാണ്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറയുന്നു: ഞാനെന്തായാലും അവരേയും കൊണ്ടു പോകുകയായിരുന്നു. അപ്പോൾ ബിലാൽ എന്നോടൊപ്പം അവരെ കണ്ടു. ഈ ഉമയ്യ ഇസ്‌ലാം ഉപേക്ഷിക്കുന്നതിനുവേണ്ടി മക്കയിൽ ബിലാലിനെ ശാരീരികമായി പീഢിപ്പിക്കാറുണ്ടായിരുന്നു. അയാൾ ബിലാലിനെ ചുട്ടുപ്പഴുത്ത നിലത്തുകിടത്തി നെഞ്ചത്ത് വലിയ കല്ല് കയറ്റി വെക്കുമായിരുന്നു. എന്നിട്ട് അയാൾ പറയും, നീ മുഹമ്മദിന്റെ ദീൻ ഉപേക്ഷിക്കുന്നതുവരെ ഈ ശിക്ഷ നിനക്ക് കിട്ടിക്കൊണ്ടിരിക്കും. എന്നാൽ, ഈ നാരകീയ ശിക്ഷ അനുഭവിക്കുമ്പേഴും ബിലാൽ പറയാറുണ്ടായിരുന്നത്, 'അഹദ് അഹദ്' എന്നായിരുന്നു. അവൻ ഏകനാകുന്നു, അവൻ ഏകനാകുന്നു. അതിനാൽ ബിലാലിന്റെ ദൃഷ്ടി ഉമയ്യായുടെമേൽ പതിഞ്ഞപ്പോൾ പറഞ്ഞു: 'ഉമയ്യ ബിൻ ഖലഫ് അവിശ്വാസികളുടെ നേതാവാണ്. അയാൾ രക്ഷപ്പെട്ടാൽ ഞാൻ മോക്ഷം പ്രാപിക്കുകയില്ല.' ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് പറഞ്ഞു: 'ബിലാലേ! ഇവരിരുവരും എന്റെ തടവുകാരാണ്.' ബിലാൽ വീണ്ടും പറഞ്ഞു: 'അയാൾ രക്ഷപ്പെട്ടാൽ ഞാൻ മോക്ഷം പ്രാപിക്കുകയില്ല.' പിന്നീട് ഹദ്റത്ത് ബിലാൽ ശക്തമായി അലറിക്കൊണ്ടു പറഞ്ഞു: 'അല്ലാഹുവിന്റെ സഹായികളേ! ഇത് സത്യനിഷേധികളുടെ നേതാവ് ഉമയ്യ് ബിൻ ഖലഫാണ്. ഇയാൾ രക്ഷപ്പെട്ടാൽ ഞാൻ നശിക്കുന്നതായിരിക്കും.' അദ്ദേഹത്തിന്റെ ഈ ശബ്ദത്തിൽ ആളുകൾ ഞങ്ങളെ നാലു ഭാഗത്തുനിന്നും വളഞ്ഞു. ഞങ്ങൾ തടവുകാരെപ്പോലെയായി. ഞാൻ ഉമയ്യത്തിനെ രക്ഷിക്കാൻ നോക്കി. ഒരാൾ അയാളുടെ മകനുനേരെ വാൾവീശി. അവൻ നിലത്തു വീണു. ആ നേരത്ത് ഉമയ്യ ശക്തമായി അലറി. ഞാൻ അതുപോലൊരു ശബ്ദം ഒരിക്കലും കേട്ടിരുന്നില്ല. ഞാൻ അയാളോടു ഓടിപോയ്ക്കൊള്ളാൻ പറഞ്ഞു. എന്നാൽ, അയാൾക്കു ഓടാൻ കഴിഞ്ഞില്ല. ഞാൻ അയാളോടു പറഞ്ഞു, 'അല്ലാഹുവാണ! എനിക്കു നിന്നെ രക്ഷിക്കാൻ കഴിയുകയില്ല.' ഇത്രയുമായപ്പോൾ ആക്രമണകാരികൾ വാളുകൊണ്ടു ആക്രമണം നടത്തി. അവർ രണ്ടുപേരേയും വധിച്ചു. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറയുന്നു: അല്ലാഹു ബിലാലിന്റെ മേൽ കരുണ ചൊരിയുമാറാകട്ടെ. എന്റെ ഇരുമ്പുചട്ടകളും പോയി. തടവുകാരെ അദ്ദേഹം ബലാൽക്കാരമായി എന്നിൽനിന്ന് പിടിച്ചു വാങ്ങുകയും ചെയ്തു. (താരീഖുത്ത്വബരീ, വാല്യം 2, പേജ് 35, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1987)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ഉഹുദു യുദ്ധദിവസം ജനങ്ങളുടെ കാലിടറിയപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) നബി(സ)തിരുമേനിയുടെ കൂടെ ശക്തനായി നിലകൊണ്ടു.(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3, പേജ് 95, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഉഹുദ് യുദ്ധദിവസം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന് ഇരുപത്തിയൊന്നു മുറിവുകളേറ്റു. കാലിൽ ഒരു മുറിവേറ്റ കാരണത്താൽ അദ്ദേഹം മുടന്തിയാണ് നടന്നിരുന്നത്. മുൻവശത്തെ രണ്ടു പല്ലുകളും ശഹീദായി. (ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ ഭാഗം 3, പേജ് 476, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ),ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ഹദ്റത്ത് ഇബ്നു ഉമർ(റ) വിവരിക്കുന്നു: ശഅ്ബാൻ 6 ഹിജ്‌രിയിൽ നബി(സ)തിരുമേനി, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന്റെ നേതൃത്വത്തിൽ 700 ആളുകളെ 'ദൂമത്തുൽ ജന്ദലി'ലേക്കയച്ചു. നബി(സ)തിരുമേനി തിരുകരങ്ങൾക്കൊണ്ട് കറുപ്പ് നിറത്തിലുള്ള ഒരു തലപ്പാവ് അദ്ദേഹത്തിന്റെ തലയിൽ കെട്ടി. അതിന്റെ അറ്റം രണ്ടു തോളുകൾക്കിടയിലായി തൂക്കിയിട്ടു. പിന്നീട് അവിടന്ന് പറഞ്ഞു: 'അബൂ മുഹമ്മദേ! എനിക്ക് ദൂമത്തിൽജൻദലിൽനിന്ന് ഭയാനകമായ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. മദീനയുടെമേൽ ആക്രമണം നടത്തുന്നതിന് സൈന്യം സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. താങ്കൾ അല്ലാഹുവിന്റെ വഴിയിൽ ജിഹാദു ചെയ്യുന്നതിന് അവിടേക്കു പോകുക. 700 ധീരയോദ്ധാക്കൾ താങ്കളോടൊപ്പം പോരുന്നതായിരിക്കും. ദൂമത്തുൽജന്ദലിലെത്തി അവിടുത്തെ സർദാറിനേയും അയാളുടെ കൽബ് ഗോത്രത്തേയും ആദ്യം ഇസ്‌ലാമിലേക്കു ക്ഷണിക്കുക. യുദ്ധം ചെയ്യേണ്ടിവന്നാൽ, ശ്രദ്ധിക്കണം. ആരേയും വഞ്ചിക്കരുത്. വഞ്ചനയും ഉടമ്പടിലംഘനവും നടത്തരുത്. കുട്ടികളേയും സ്ത്രീകളേയും കൊല്ലരുത്. അല്ലാഹുവിനോടു ദ്രോഹം ചെയ്യുന്നവരിൽനിന്ന് ലോകത്തെ പരിശുദ്ധമാക്കുക. സൂക്ഷ്മതയോടെ യുദ്ധം ചെയ്യാൻ അനുവാദം ഉണ്ടായിരിക്കുന്നതാണ്.'

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ദൂമയിൽ എത്തിയപ്പോൾ മൂന്നു ദിവസംവരെ അവരെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുകൊണ്ടിരുന്നു. മൂന്നുദിവസവും അവർ നിഷേധിച്ചു കൊണ്ടേയിരുന്നു. ഒടുവിൽ 'അസ്ബഗു ബിൻ അംറ് കൽബീ' എന്ന ക്രിസ്ത്യാനിയായ അവരുടെ നേതാവ് ഇസ്‌ലാം സ്വീകരിച്ചു. ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ ഔഫ് എല്ലാ അവസ്ഥകളും നബി(സ)തിരുമേനിക്കെഴുതി. ആ നേതാവിന്റെ മകളായ തുമാദിറിനെ വിവാഹം കഴിക്കാൻ നബിതിരുമേനി അദ്ദേഹത്തോടു പറഞ്ഞു. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) അവരെ വിവാഹം കഴിച്ചു മദീനിയിലേക്ക് കൂട്ടിക്കൊണ്ടുവന്നു. തുമാദിർ പിന്നീട് ഉമ്മു അബൂ സലമാ എന്നറിയപ്പെട്ടു.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ്, വാല്യം 2, പേജ് 106)(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 96, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്) (അശറ മുബശ്ശറ, ബശീർ സാജിദ് പേജ് 875, അൽബദ്ർ പബ്ലിക്കേഷൻസ്, ലാഹോർ)

ഹദ്റത്ത് ഉമർ ബിൻ അബ്ദുൽ അസീസ് വിവരിക്കുന്നു: ഹിജ്റ 14-ൽ ജിസ്ർ യുദ്ധത്തിന്റെ അവസരത്തിൽ ഹദ്റത്ത് ഉമർ(റ)ന് ഹദ്റത്ത് അബൂ ഉബയ്ദ് ബിൻ മസ്ഊദിന്റെ ശഹാദത്തിനെ കുറിച്ച് വിവരം നല്കി. ഈ ജിസ്ർ യുദ്ധത്തെ കുറിച്ച് മുമ്പേയും വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഇറാനികളുടെ ഒരു ആന അദ്ദേഹത്തെ ചവുട്ടിമെതിക്കുകയായിരുന്നു. അങ്ങനെ വിവരം കിട്ടിയപ്പോൾ മനസ്സിലായി പേർഷ്യക്കാർ കിസ്റാ കുടുംബത്തിൽനിന്നുള്ള ഒരു വ്യക്തിയെ തിരഞ്ഞെടുത്ത് തങ്ങളുടെ രാജാവാക്കി എന്ന്. അപ്പോൾ ഹദ്റത്ത് ഉമർ(റ) മുഹാജിരീംകളേയും അൻസ്വാറിനേയും ജിഹാദു ചെയ്യാൻ ക്ഷണിച്ചു. അവർ മദീനയിൽനിന്ന് പുറപ്പെട്ട് സ്വിറാർ എന്ന സ്ഥലത്ത് താമസിച്ചു. സ്വിറാർ മദീനയിലെ ഒരു പർവ്വതത്തിന്റെ പേരാണ്. ഇത് മദീനയിൽനിന്ന് മൂന്നു കിലോമീറ്റർ ദൂരത്ത് ഇറാഖിലേക്കുപോകുന്ന വഴിയിലെ ഒരു സ്ഥലമാണ്. എന്തായാലും ഹദ്റത്ത് ഉമർ(റ) അവിടെ താമസിച്ചു. അഅ്വസ് എന്ന സ്ഥലത്തെത്താൻ ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായെ മുമ്പേ അയച്ചു. അദ്ദേഹം സൈന്യത്തിന്റെ വലംകൈയായിരുന്ന മയ്മനയിൽ ഹദ്റത്ത് അബ് ദുർറഹ്മാൻ ബിൻ ഔഫിനേയും സൈന്യ ത്തിന്റെ ഇടംകൈയായിരുന്ന മയ്സറയിൽ സുബയ്ർ ബിൻ അവാമിനേയും നിയമിച്ചു. ഹദ്റത്ത് അലിയെ മദീനയിൽ തന്റെ പ്രതിനിധിയായി നിയമിച്ചു. ഹദ്റത്ത് ഉമർ(റ) ആളുകളുമായി കൂടിയാലോചന നടത്തി. ഇറാനിലേക്ക് പോകാമെന്ന് എല്ലാവരും അദ്ദേഹത്തിന് അഭിപ്രായം നല്കി. ഈ സംഘം പുറപ്പെട്ടപ്പോൾ സ്വിറാറിൽ എത്തുന്നതുവരെ ഹദ്റത്ത് ഉമർ(റ) ആരുമായും കൂടിയാലോചിച്ചിരുന്നില്ല. ഇവിടെ എത്തിയതിനുശേഷമാണ് കൂടിയാലോചിച്ചത്. ഹദ്റത്ത് ത്വൽഹ മടങ്ങി വന്നപ്പോൾ അദ്ദേഹവും അവരുടെ അഭിപ്രായത്തോടു യോജിച്ചു. ആദ്യം ഹദ്റത്ത് ത്വൽഹ അവിടെ ഉണ്ടായിരുന്നില്ല. തിരിച്ചുവന്നപ്പോൾ അദ്ദേഹം പറഞ്ഞു, ശരി തന്നെയാണ്! മുന്നോട്ടുപോകണം. എന്നാൽ, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) അദ്ദേഹം മുന്നോട്ടു പോകണ്ട എന്ന അഭിപ്രായക്കാരിൽപ്പെട്ടയാളായിരുന്നു. അതു വിവരിച്ചുകൊണ്ട് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറയുന്നു: ഇന്നേയ്ക്കുമുമ്പേ ഞാൻ നബി(സ)തിരുമേനിയിലല്ലാതെ മറ്റാരിലും എന്റെ മാതാപിതാക്കളെ ബലിയാക്കിയിട്ടില്ല! അതിനുശേഷവും ഒരിക്കലും അങ്ങനെ ചെയ്യുകയില്ല. എന്നാൽ, ഇന്നു ഞാൻ പറയുന്നു: 'ഞാൻ എന്റെ മാതാപിതാക്കളെ ഉമറിൽ ബലിയാക്കുന്നു. ഈ കാര്യങ്ങളുടെ അന്തിമതീരുമാനം താങ്കൾ എനിക്കു വിട്ടുതരിക.' ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിന് മറുപടി നല്കി: താങ്കൾ അവിടെ അതായത് സ്വിറാർ എന്ന സ്ഥലത്തു നില്ക്കുക. ഒരു വലിയ സൈന്യത്തെ അയക്കുക. ആരംഭം മുതൽ ഇപ്പോൾ വരെ, താങ്കളുടെ സൈന്യത്തെ സംബന്ധിച്ച് അല്ലാഹു എന്താണ് വിധിച്ചിട്ടുള്ളതെന്ന് താങ്കൾ കണ്ടുകഴിഞ്ഞിട്ടുള്ളതാണ്. അതായത് താങ്കളുടെ സൈന്യം പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ അത് താങ്കളുടെ പരാജയംപോലെ ആയിരിക്കുകയില്ല. അദ്ദേഹം പറഞ്ഞു: ന്യായീകരണം സമർപിച്ചു. തുടക്കത്തിൽത്തന്നെ താങ്കൾ വധിക്കപ്പെട്ടാൽ അല്ലെങ്കിൽ പരാജയപ്പെട്ടാൽ പിന്നീട് മുസ്‌ലിമീങ്ങൾക്ക് തക്ബീർ ചൊല്ലാൻ സാധിക്കുമോ എന്ന് എനിക്ക് ആശങ്കയുണ്ട്. ലാ ഇലാഹ ഇല്ലല്ലായുടെ സാക്ഷ്യം പറയാനും സാധിക്കുകയില്ല. ഈ കാര്യങ്ങളെല്ലാം സംസാരിക്കുന്ന നേരത്ത് സൈന്യത്തിന്റെ കമാന്ററാക്കി അയക്കാൻ ആളെ തിരഞ്ഞ് ഹദ്റത്ത് ഉമർ(റ) അവിടെയെത്തി. അതിന്നിടയിൽ ഹദ്റത്ത് ഉമ

റിന് ഹദ്റത്ത് സഅ്ദിന്റെ കത്തും എത്തി. ഹദ്റത്ത് സഅ്ദ് ആ നേരത്ത് നജ്ദിന്റെ സ്വദഖയുടെമേൽ നിയോഗിതനായിരുന്നു. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെ സംസാരം കേട്ട് പറഞ്ഞു: 'ശരിതന്നെ. എന്നാൽപ്പിന്നെ ആരെ ആക്കണമെന്ന് എനിക്കു പറഞ്ഞു തരിക.' ആരെയാണ് നിയോഗിക്കേണ്ടത്? ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)പറഞ്ഞു: കച്ഛാറിന്റെ സിംഹം സഅ്ദ് ബിൻ മാലിക്കിനെ! അതായത് അദ്ദേഹം വലിയ ധീരനാണ്. വലിയ നല്ല കമാന്ററാണ്. അദ്ദേഹത്തെ കമാന്ററാക്കി അയക്കുക. മറ്റുള്ളവരും ആ അഭിപ്രായത്തെ പിന്താങ്ങി.(താരീഖുത്ത്വബ്‌രീ, വാള്യം 2, പേജ് 381-382, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1987)(അൽകാമിൽ ഫിത്താരീഖ് വാള്യം 2,പേജ് 287, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)(ഫർഹങ്കെ സീറത്ത് സയ്യിദ് ഫള്ലുർറഹ്മാൻ, പേജ് 172, സവാർ അക്കാഡമി കറാച്ചി 2003)

നബി(സ)തിരുമേനി മദീനയിൽ വിവിധ ഗോത്രങ്ങൾക്കും സ്വഹാബിമാർക്കും താമസിക്കാനുള്ള സ്ഥലം നല്കി. ഹദ്റത്ത് അബ്ദുർറഹ്മാൻ ഔഫിന്റെ ഗോത്രത്തിന് മസ്ജിദ് നബ്‌വിയുടെ പിൻഭാഗത്ത് ഈത്തപ്പനയുടെ ഒരു കൂട്ടമുള്ളിടത്താണ് സ്ഥലം നല്കിയത്. പിന്നീട് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനും ഹദ്റത്ത് ഉമറിനും സർക്കാറിൽനിന്ന് കരമൊഴിവായി കിട്ടുന്ന ഭൂമി എന്ന നിലയിലും സ്ഥലം നല്കി. ഉമറിന്റെ കുടുംബക്കാരിൽനിന്ന് പിന്നീട് ഈ സ്ഥലം ഹദ്റത്ത് സുബയ്ർ(റ) വാങ്ങിച്ചു. ഹദ്റത്ത് ഉമറിന്റെ മക്കളിൽനിന്ന് പിന്നീട് ഈ സ്വത്ത് ഹദ്റത്ത് സുബയ്ർ വാങ്ങി. നബി(സ) തിരുമേനി, അല്ലാഹു മുസ്‌ലിമീങ്ങളുടെ കൈയാൽ സിറിയ ഫതഹ് ആക്കുമ്പോൾ താങ്കൾക്ക് ഇന്ന സ്ഥലത്ത് ഭാഗമുണ്ടായിരിക്കുമെന്ന് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനോടു വാഗ്ദാനവും ചെയ്തിരുന്നു. അങ്ങനെ ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തു കാലത്ത് സിറിയ ദേശത്ത് മുസ്‌ലിമീങ്ങൾക്ക് വിജയങ്ങൾ ലഭിച്ചപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിന് അദ്ദേഹത്തിന്റെ സ്ഥലം നല്കി. ഈ പ്രദേശത്തിന്റെ പേര് സലീൽ എന്നായിരുന്നു. അവിടെ സ്ഥലം നല്കുമെന്നാണ് വാഗ്ദാനം ചെയ്തിരുന്നത്.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 2, പേജ് 105-106)

നബി(സ)തിരുമേനി തന്നെ പിന്തുടർന്നു നമസ്കരിച്ചുവെന്ന സൗഭാഗ്യവും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന് ലഭിച്ചു. ഹദ്റത്ത് മുഗീറ(റ) വിവരിച്ചു: അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം തബൂക് യുദ്ധത്തിൽ പങ്കെടുത്തു. ഹദ്റത്ത് മുഗീറ(റ) പറയുന്നു: നബി(സ) തിരുമേനി സുബ്ഹി നമസ്കാരത്തിനുമുമ്പേ വെളിയിലിരിക്കുന്നതിനുവേണ്ടിപോയി. ഞാൻ നബി(സ)തിരുമേനിയോടൊപ്പം വെള്ളം നിറച്ച തോൽസഞ്ചിയുമായി നടന്നു. നബി(സ) എന്റെയടുത്തു തിരിച്ചുവന്നപ്പോൾ-ഞാൻ അവിടെ കുറച്ചു ദൂരത്ത് നിൽക്കുകയായിരുന്നു-തോൽസഞ്ചിയിൽനിന്ന് അവിടന്ന് കൈകളിൽ വെള്ളമൊഴിക്കാൻ തുടങ്ങി. അവിടന്ന് ഇരുകൈകളും മൂന്നുപ്രാവശ്യം കഴുകി. പിന്നീട് അവിടന്ന് മുഖകമലം കഴുകി. തുടർന്ന് അവിടന്ന് തന്റെ കൈത്തണ്ടകൾ വെളിയിലെടുക്കാൻ തുടങ്ങി. ജുബ്ബയുടെ കൈകൾ ഇടുങ്ങിയതായ കാരണത്താൽ തന്റെ കൈ ജുബ്ബയുടെ ഉള്ളിൽ കടത്തുകയും തന്റെ കൈത്തണ്ടകൾ ജുബ്ബയുടെ താഴത്തൂടെ എടുത്ത് മുട്ടുവരെ കഴുകുകയും ചെയ്തു. അതുകഴിഞ്ഞ് അവിടന്ന് തന്റെ സോക്സിന്റെ മേൽ തടവി അവ ശുദ്ധിവരുത്തി. പിന്നീട് മുന്നോട്ടു നടന്നു. മുഗീറ(റ) പറയുന്നു: 'ഞാനും നബി(സ)തിരുമേനിയുടെ കൂടെ മുന്നോട്ടു നടന്നു. അങ്ങനെ ഞങ്ങൾ ആളുകളെ കണ്ടു. അവർ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)നെ മുമ്പിൽ നിറുത്തിക്കഴിഞ്ഞിരുന്നു. അദ്ദേഹം നമസ്കരിപ്പിക്കുകയായിരുന്നു. നബി(സ)തിരുമേനിക്ക് രണ്ടിൽ ഒരു റക്അത്താണ് കിട്ടിയത്. അതായത് ആ സമയംകൊണ്ട് സുബ്ഹി നമസ്കാരത്തിന്റെ ഒരു റക്അത്ത് നമസ്കരിച്ചു കഴിഞ്ഞിരുന്നു. രണ്ടാമത്തെ റക്അത്തായിരുന്നു, സ്വഫ്ഫിൽനിന്നു. അവിടന്ന് രണ്ടാമത്തെ റക്അത്ത് ആളുകളോടൊപ്പം നമസ്കരിച്ചു. ഹദ്റത്ത് അബ്ദുർറഹ് മാൻ ബിൻ ഔഫ്(റ) സലാം വീട്ടിയപ്പോൾ നബി(സ)തിരുമേനി തന്റെ നമസ്കാരം പൂർത്തിയക്കുന്നതിന് എഴുന്നേറ്റുനിന്നു. ബാക്കിയുള്ള ഒരു റക്അത്ത് പൂർത്തിയാക്കുന്നതിനുവേണ്ടി എഴുന്നേറ്റുനിന്നു. ഇക്കാര്യം മുസ്‌ലിമീങ്ങളിൽ പരിഭ്രമമുണ്ടാക്കി. ധാരാളമായി തസ്ബീഹ് ചൊല്ലാൻ തുടങ്ങി. നബി(സ)തിരുമേനി നമസ്കരിച്ചു കഴിഞ്ഞപ്പോൾ ആളുകളിലേക്ക് തിരിഞ്ഞു. പറഞ്ഞു: നിങ്ങൾ ചെയ്തത് ശരിയാണ്. അല്ലെങ്കിൽ ഇങ്ങനെ പറഞ്ഞു: 'നല്ലതാണ് ചെയ്തത്.' നബി(സ) തിരുമേനി നമസ്കാരം അതിന്റെ സമയത്തു നമസ്കരിച്ച കാരണത്താൽ നല്ലതാണ് ചെയ്തതെന്ന് പറഞ്ഞു. ഹദ്റത്ത് മുഗീറ(റ) പറയുന്നു: ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)നെ പിന്നിലേക്ക് മാറ്റി നബി(സ)തിരുമേനിയെ നിറുത്താമെന്ന് ഞാൻ കരുതി. എന്നാൽ, നബി(സ) തിരുമേനി പറഞ്ഞു: 'വേണ്ട. അദ്ദേഹം നമസ്കരിപ്പിക്കട്ടെ.' നമസ്കാരത്തിനു ശേഷം നബി(സ) തിരുമേനി പറഞ്ഞു: 'ഓരോ നബിയും തന്റെ ജീവിതത്തിൽ സമുദായത്തിലെ ഏതെങ്കിലും സാത്വികനായ മനുഷ്യന്റെ പിന്നിൽ തീർച്ചയായും നമസ്കരിക്കാറുണ്ട്.(സ്വഹീഹ് മുസ്‌ലിം, കിതാബുസ്സലാത്ത്, ഹദീഥ് 274) (അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 95, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)നു നൽകിയ മറ്റൊരു ബഹുമതിയായിരുന്നു അത്. ഇതുമാത്രമല്ല അവിടന്ന് പറഞ്ഞു: നമസ്കരിപ്പിച്ചത് വളരെ നന്നായി. എന്നല്ല ഇങ്ങനേയും പറഞ്ഞു: നബിയുടെ, താങ്കളുടെ പിന്നിൽ ഞാൻ നമസ്കരിക്കുക എന്നത് താങ്കൾ നല്ല മനുഷ്യനാണെന്നതിന് തെളിവാണ്.

മറ്റൊരു നിവേദനത്തിലുണ്ട്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ളുഹ്ർ നമസ്കാരത്തിനു മുമ്പേ ദീർഘമായി നഫ്ൽ നമസ്കരിക്കുമായിരുന്നു. ബാങ്കുവിളി കേൾക്കുമ്പോൾ ഉടൻ നമസ്കാരത്തിനായി എത്തുമായിരുന്നു. (രോശൻ സിത്താരെ, ഗുലാംബാരി സയ്ഫ് സാഹിബ്, വാള്യം 2, പേജ് 107)

ഒരു നിവേദകൻ വിവരിക്കുന്നു: അബ്ദുർറഹ്മാൻ കഅ്ബ പ്രദക്ഷിണം ചെയ്തുകൊണ്ടിരിക്കുന്നത് ഞാൻ കണ്ടു. അദ്ദേഹം 'അല്ലാഹുവേ നീയെന്നെ മനസ്സിന്റെ ലുബ്ദിൽ നിന്ന് രക്ഷിക്കേണമേ' എന്ന് ദുആ ചെയ്യുന്നുണ്ടായിരുന്നു. (രോശൻ സിത്താരെ, ഗുലാംബാരി സയ്ഫ് സാഹിബ്, വാള്യം 2, പേജ് 110)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) നിവേദനം ചെയ്യുന്നു. ഹദ്റത്ത് ഉമർ(റ) ഖലീഫയായ വർഷം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)നെ ഹജ്ജ് ചെയ്യുന്നവരുടെ അമീർ ആയി നിശ്ചയിച്ചിരുന്നു. (താരീഖുത്തബ്‌രി വാള്യം 3, പേജ് 379-380 ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1987)

അബൂസലമ ബിൻ അബ്ദുർ റഹ്മാൻ നിവേദനം. അദ്ദേഹം വിവരിക്കുന്നു: ഒരിക്കൽ നബി(സ) തിരുമേനിയുടെ അടുത്ത് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) 'പേനിന്റെ' ആധിക്യത്തെ കുറിച്ച് പരാതി പറയാൻ വന്നു. അദ്ദേഹം പറഞ്ഞു, യാ റസൂലല്ലാഹ്! അങ്ങ് എനിക്ക് പട്ടുവസ്ത്രം ധരിക്കാൻ അനുവാദം തരുമോ? അക്കാലത്ത് എന്തോ കാരണത്താൽ വ്യാപകമായ നിലയിൽ പേൻശല്യമുണ്ടായിരുന്നു. തലയിലായിരിക്കും ഉണ്ടായിരിക്കുക. സാധാരണ കോട്ടൻ തുണികൊണ്ട് അത് മാറുന്നുണ്ടായിരുന്നില്ല. അപ്പോൾ അദ്ദേഹം പട്ടുവസ്ത്രം ധരിക്കാൻ അനുവാദം വാങ്ങി. അതുകൊണ്ട് കുറച്ചു ശമനമുണ്ടായിട്ടുണ്ടാകും. നബി(സ)തിരുമേനി അദ്ദേഹത്തിന് പട്ടുവസ്ത്രം ധരിക്കാൻ അനുവാദം നൽകി. നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും വഫാത്താകുകയും ഹദ്റത്ത് ഉമർ(റ) ഖലീഫയാകുകയും ചെയ്തപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)തന്റെ മകൻ അബൂസൽമയോടൊപ്പം ഹദ്റത്ത് ഉമർ(റ)ന്റെ അടുത്തുവന്നു. അബൂസൽമ പട്ടുവസ്ത്രം ധരിച്ചിരുന്നു. ഇതെന്താണ് ധരിച്ചിരിക്കുന്നതെന്ന് ഹദ്റത്ത് ഉമർ ചോദിച്ചു. അദ്ദേഹം അതായത് ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിന്റെ കഴുത്തിലൂടെ കൈയിട്ട് ഉടുപ്പ് വലിച്ചു കീറി. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഹദ്റത്ത് ഉമറിനോടു പറഞ്ഞു: നബി(സ)തിരുമേനി എനിക്ക് പട്ടുവസ്ത്രം ധരിക്കുന്നതിന് അനുവാദം തന്നിട്ടുണ്ടെന്ന് താങ്കൾക്കറിയില്ലേ? ഹദ്റത്ത് ഉമർ(റ) പറഞ്ഞു, താങ്കൾ ചോദിച്ചതനുസരിച്ച് താങ്കൾക്കാണ് അല്ലാഹുവിന്റെ റസൂൽ അനുവാദം തന്നത്; ഈ അനുവാദം മറ്റാർക്കുമല്ല.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 96, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

സഅ്ദ് ബിൻ ഇബ്റാഹീം നിവേദനം. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) നാന്നൂറോ അഞ്ഞൂറോ ദിർഹം വിലയുള്ള ഒരു പുതപ്പ് അണിയുമായിരുന്നു. ഏതോ സമയത്ത് അദ്ദേഹം ഒരു ചാദുർ അണിയുമായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്‌ലിം)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

3, പേജ് 97, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

അദ്ദേഹത്തിന് വിലപിടിച്ച വസ്ത്രം അണിയാനുള്ള അവസ്ഥയുണ്ടായിരുന്നു. എന്നാൽ, ഹിജ്റത്ത് ചെയ്യുമ്പോൾ കൈയിൽ ഒന്നും തന്നെയുണ്ടായിരുന്നില്ല. പക്ഷേ, പിന്നീട് വിലകൂടിയ വസ്ത്രങ്ങൾ ധരിക്കുവാനുള്ള അവസരം ലഭിക്കുകയും അളവറ്റ സ്വത്ത് അല്ലാഹു അദ്ദേഹത്തിനു നല്കുകയും ചെയ്തു.

ഹദ്റത്ത് അബൂബക്കർ(റ) മരണാസന്നനായ നേരത്ത് ഹദ്റത്ത് ഉമർ(റ)നെ തനിക്കുശേഷം ഖലീഫയായി നിശ്ചയിച്ചിരുന്നു. അദ്ദേഹം അത് ഉദ്ദേശിച്ചിരുന്നപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)നെ വിളിച്ച് അദ്ദേഹത്തോടു പറഞ്ഞു, പറയുക താങ്കളുടെ അഭിപ്രായമെന്താണ്? ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറഞ്ഞു: ഖലീഫത്തുർ റസൂലേ! അദ്ദേഹം മറ്റുള്ളവരെ അപേക്ഷിച്ച് അങ്ങയുടെ അഭിപ്രായത്തെക്കാളും ശ്രേഷ്ഠമാണ്. എന്നാൽ, അദ്ദേഹത്തിന്റെ സ്വഭാവത്തിൽ അല്പം കാഠിന്യമുണ്ട്. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: ഈ കാഠിന്യത്തിന് കാരണം അദ്ദേഹം എന്നെ മൃദുലനായി കണ്ടിരുന്നു എന്നതാണ്. ഞാൻ വളരെ മൃദുലനായിരുന്നു. അതുകൊണ്ട് അദ്ദേഹം കുറച്ചു കാഠിന്യം കാണിച്ചിരുന്നു; കാര്യങ്ങൾ ബാലൻസായി നിൽക്കാൻ. പിന്നീട് ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: കാര്യങ്ങൾ അദ്ദേഹത്തെ ഏല്പിക്കപ്പെട്ടു കഴിഞ്ഞാൽ ഇത്തരത്തിലുള്ള അധിക കാര്യങ്ങളും അദ്ദേഹം ഉപേക്ഷിക്കുന്നതായിരിക്കും. പിന്നീട് അദ്ദേഹത്തിൽ കാഠിന്യം കാണുകയില്ല. പിന്നീട് പറഞ്ഞു: അബൂ മുഹമ്മദേ! ഞാൻ അദ്ദേഹത്തെ സൂക്ഷ്മതയോടെ നോക്കീട്ടുണ്ട്. ഏതെങ്കിലും നേരത്ത് ഏതെങ്കിലും വ്യക്തിയുടെമേൽ എനിക്ക് ദേഷ്യപ്പെടേണ്ടിവരുമ്പോൾ അതായത് ഹദ്റത്ത് അബൂബക്കർ(റ) പറയുകയാണ് ഉമർ എന്നെ അതിൽ തൃപ്തിപ്പെടാൻ അഭിപ്രായം തന്നിരുന്നു. ആ നേരത്ത് ഹദ്റത്ത് ഉമറിന്റെ അഭിപ്രായം മൃദുലമാകുമായിരുന്നു. എപ്പോഴെങ്കിലും ഞാൻ ആരോടെങ്കിലും മൃദുല നയം സ്വീകരിച്ചാൽ ദേഷ്യപ്പെടാൻ എന്നോടു പറയുമായിരുന്നു. പിന്നീട് ഹദ്റത്ത് അബൂബക്കർ പറഞ്ഞു: അബൂ മുഹമ്മദേ! ഞാൻ നിന്നോടു പറഞ്ഞ ഇക്കാര്യം നീ മറ്റാരോടും പറയരുത്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറഞ്ഞു: 'ശരി, നല്ലത്.'(താരീഖുത്തബ്രി വാല്യം 3, പേജ് 352, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1987)

മക്കാവിജയത്തിനു ശേഷം നബി(സ)തിരുമേനി വിവിധ ഭാഗങ്ങളിലേക്കായി കുറച്ചു സംഘങ്ങളെ അയച്ചപ്പോൾ ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ ബനൂ ജസീമയിലേക്ക് അയക്കുകയുണ്ടായി. ബനൂ ജസീമ ജാഹിലിയാ കാലഘട്ടത്തിൽ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന്റെ പിതാവായ ഔഫിനെയും ഹദ്റത്ത് ഖാലിദിന്റെ പിതൃസഹോദരനായ ഫാഖിഹ് ബിൻ മുഗീറയെയും വധിച്ചിരുന്നു. ഹദ്റത്ത് ഖാലിദിന്റെ കരങ്ങളാൽ അബദ്ധത്തിൽ ആ ഗോത്രത്തിലെ ഒരാൾ കൊല്ലപ്പെട്ടു. നബി(സ)തിരുമേനി ഇതറിഞ്ഞപ്പോൾ അവിടന്ന് അതിഷ്ടപ്പെട്ടില്ല. നബി(സ)തിരുമേനി അതിന് നഷ്ടപരിഹാരവും നല്കി. എന്തൊന്നാണോ ഹദ്റത്ത് ഖാലിദ് അവരിൽനിന്ന് പിടിച്ചെടുത്തത് അതിന് വിലയും നല്കി.

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന് ഈ സംഭവത്തെക്കുറിച്ച് വിവരം ലഭിച്ചപ്പോൾ ഖാലിദിനോടു ചോദിച്ചു, 'നിങ്ങൾ അയാളെ വധിച്ചത് അവർ നിങ്ങളുടെ പിതൃസഹോദരന്റെ ഘാതകരായതുകൊണ്ടാണോ?' അവർ താങ്കളുടെ പിതാവിനെയും വധിച്ചിരുന്നുവെന്ന് ഖാലിദ് ദേഷ്യത്തോടെ പറഞ്ഞു. ഹദ്റത്ത് ഖാലിദ് വീണ്ടും പറഞ്ഞു: താങ്കൾ ഞങ്ങൾക്കു മുമ്പേ വിശ്വാസിയായതുകൊണ്ട് അതു മുതലാക്കാൻ ആഗ്രഹിക്കുകയാണോ? അതായത് താങ്കൾ ആദ്യകാല വിശ്വാസികളിൽപ്പെട്ടതു വലിയ ബഹുമതിയായി മനസ്സിലാക്കുന്നുണ്ടോ? ഇതുകൊണ്ടാണോ താങ്കൾ ഇക്കാര്യം എന്നോടു ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇക്കാര്യം നബി(സ)തിരുമേനി അറിഞ്ഞു, കാരണം ഖാലിദ് അല്പം ദേഷ്യവും വെറുപ്പും പ്രകടിപ്പിച്ചിരുന്നു. ഇക്കാര്യം നബി(സ)തിരുമേനിക്കെത്തിയപ്പോൾ അവിടന്ന് പറഞ്ഞു, 'എന്റെ സ്വഹാബിമാരെ വിടുക. ആരുടെ കൈകളിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! നിങ്ങളിലാരെങ്കിലും ഉഹുദുമലയോളം സ്വർണം ദാനം ചെയ്താലും ഇവരുടെ നിസ്സാര ചെലവഴിക്കലിനോളം പോലും എത്തുകയില്ല. ഇവരുടേത് വളരെ വലിയ സ്ഥാനമാണ്.(രോശൻ സിത്താരെ, ഗുലാംബാരി സയ്ഫ് സാഹിബ്, വാല്യം 2, പേജ് 108-109)(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ, ഭാഗം 3, പേജ് 479, അബ്ദുർറഹ്മാൻ ബിൻ ഔഫ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ഈ പ്രാരംഭകാല സ്വഹാബത്തിന്റെ ത്യാഗങ്ങൾ വളരെ അധികമായിരുന്നു. അതിനോടു മത്സരിക്കാൻത്തന്നെ കഴിയുകയില്ല. നബി(സ) തിരുമേനി ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)നെ സംബന്ധിച്ചു പറഞ്ഞു: 'അദ്ദേഹം മുസ്ലിമീങ്ങളുടെ നേതാക്കന്മാരുടേയും നേതാവാകുന്നു. അബ്ദുർറഹ്മാൻ ആകാശത്തിലും അമീനാണ്, ഭൂമിയിലും അമീനാണ്.'(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽഅസ്ഹാബ്, ഭാഗം 2, പേജ് 846, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽജീൽ ബേറൂത്ത്)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ഒരിക്കൽ കഠിനമായ രോഗം ബാധിച്ച് അബോധാവസ്ഥയിലായി. അദ്ദേഹത്തിന്റെ ഭാര്യയുടെ വായിൽനിന്ന് നിലവിളി ഉയർന്നു. വളരെ മോശമായ അവസ്ഥയിലായി. ആ ദുഃഖാവസ്ഥയിൽ അവരിൽനിന്ന് നിലവിളി ഉയർന്നു. പിന്നീട് അദ്ദേഹത്തിന് രോഗശമനമുണ്ടായപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ അബോധാവസ്ഥയിലായപ്പോൾ എന്റെ അടുക്കൽ രണ്ടു വ്യക്തികൾ വന്നു. അവർ പറഞ്ഞു, 'നടക്കൂ! പ്രതാപവാനും വിശ്വസ്തനുമായ അല്ലാഹുവിന്റെ മുൻപിൽ നിന്റെ വിധി നിർണയം നടത്താം. അപ്പോൾ അവർ രണ്ടുപേരും മറ്റൊരു വ്യക്തിയെ കണ്ടു, ആ വ്യക്തി അവരോടു പറഞ്ഞു, അദ്ദേഹത്തെ കൊണ്ടുപോകരുത്. അദ്ദേഹം തന്റെ മാതാവിന്റെ വയറ്റിലായിരുന്നപ്പോൾ തന്നെ സൗഭാഗ്യവാനാണ്.' ഈ ദൃശ്യം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)തന്നെ കുറിച്ച് കണ്ടതാണ്. (അൽഅസ്വാബ ഫീ തമീസിസ്സ്വഹാബ ഭാഗം 4, പേജ് 291, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

നൗഫൽ ബിൻ ഇയാസ് ഹുദലീ പറയുന്നു: ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ഞങ്ങളുടെ മജ്ലിസിൽ ഇരിക്കാറുണ്ടായിരുന്നു. അദ്ദേഹം ഉത്തമ കൂട്ടുകാരനായിരുന്നു. ഒരു ദിവസം അദ്ദേഹം ഞങ്ങളെ അദ്ദേഹത്തിന്റെ വീട്ടിൽകൊണ്ടുപോയി. ഉള്ളിൽപോയി കുളിച്ച് വെളിയിൽവന്നു. ഞങ്ങളുടെ അടുത്ത് ഒരു പാത്രം കൊണ്ടുവന്നു. അതിൽ റൊട്ടിയും ഇറച്ചിക്കറിയുമായിരുന്നു. പിന്നീട് എന്താണെന്ന് അറിയില്ല അദ്ദേഹം കരയാൻ തുടങ്ങി. ഞങ്ങൾ ചോദിച്ചു: അബൂ മുഹമ്മദേ! താങ്കളെന്തിനാണ് കരയുന്നത്? അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനി ഈ ലോകത്തുനിന്ന് വിട പറഞ്ഞത് നബിയ്ക്കും അവിടത്തെ കുടുംബത്തിനും യവത്തിന്റെ റൊട്ടികൊണ്ടുപോലും വയറുനിറയാത്ത അവസ്ഥയിലായിരുന്നു.' അതായത് യവത്തിന്റെ റൊട്ടിപോലും പൂർണമായും വിശപ്പടക്കാൻ കിട്ടിയിരുന്നില്ല. പിന്നീട് പറഞ്ഞു: 'ഏതൊരു കാര്യത്തിനുവേണ്ടിയാണോ നമുക്ക് ആയുസ് നീട്ടിക്കിട്ടിയത് അതു നമുക്ക് ഉത്തമമാണെന്ന് ഞാൻ മനസ്സിലാക്കുന്നില്ല.'(അൽഅസാബ ഫീ തമീസിസ്സഹാബ, ഭാഗം 4, പേജ് 291, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 1995)

അതായത് നമുക്ക് ഇത്രകാലം ജീവിച്ചിരിക്കാൻ അവസരം കിട്ടിയത് നമുക്ക് ഉത്തമമാണോ അതോ വല്ല പരീക്ഷണത്തിനുമാണോ എന്ന് മനസ്സിലാകുന്നില്ല. ഇതായിരുന്നു സ്വഹാബത്തിന്റെ വികാരങ്ങൾ. അല്ലാഹുവിനോടുള്ള ഭയവും നബി(സ)തിരുമേനിയോടും അവിടത്തെ കുടുംബത്തോടുമുള്ള വികാരങ്ങളുടെ പ്രകടനം! ഈ വികാരങ്ങൾക്ക് നബി(സ)തിരുമേനിയോടും അവിടത്തെ കുടുംബത്തോടും മാത്രമായിരുന്നില്ല ബന്ധം. മറിച്ച് സ്വഹാബത്തിനും ഈ മാതൃകാപരമായ സ്നേഹത്തിന്റെ പ്രകടനമാണുണ്ടാകുന്നത്. അത് പരസ്പരം സ്വഹാബത്തിനുണ്ടായിരുന്നതാണ്. ഇതു സംബന്ധമായി ഒരു സംഭവം വരുന്നുണ്ട്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന്റെ അടുത്തു ഒരു ദിവസം നോമ്പു തുറക്കുന്നതിനുള്ള ഭക്ഷണം കൊണ്ടുവന്നു. പല തരത്തിലുള്ള ഭക്ഷണങ്ങൾ സുപ്രയ്ക്ക് അലങ്കാരമായപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) അതിൽനിന്ന് ഒരു കഷണമെടുത്തു.' വിവിധ രീതിയിലുള്ള ഭക്ഷണം വന്നു, അദ്ദേഹം അതിൽനിന്ന് ഒരു കഷണമെടുത്ത് വായിലിട്ടപ്പോൾ അദ്ദേഹത്തിന് അതിയായ സങ്കടമുണ്ടായി. ഇങ്ങനെ പറഞ്ഞുകൊണ്ട് തിന്നുന്നതിൽനിന്ന് കൈവലിച്ചു. മുസ്അബ് ബിൻ ഉമയ്ർ ഉഹുദു യുദ്ധത്തിൽ ശഹീദായപ്പോൾ-അദ്ദേഹം എന്നെക്കാൾ ഉത്തമനായിരുന്നു-അദ്ദേഹത്തിന്റെ പുതപ്പിൽത്തന്നെയാണ് കഫൻ പൊതിഞ്ഞത്. കഫൻ പൊതി

### ഹദീഥുന്നബ്വി (സ):

*നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്ലിം)*

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

### ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരുനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്ലിം)**

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

യാൻ വേറെ വസ്ത്രമില്ലായിരുന്നു. അദ്ദേഹം പുതച്ചിരുന്ന പുതപ്പിൽത്തന്നെ കഫൻ ചെയ്തു. ആ വസ്ത്രത്തിന്റെ അവസ്ഥ എന്തായിരുന്നു? കാലു മറയ്ക്കുമ്പോൾ തല പുറത്തുവരും. തല മറയ്ക്കുമ്പോൾ കാലുകൾ പുറത്തുവരും. തുടർന്ന് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറഞ്ഞു: ഹംസത്ത് ശഹീദായി. അദ്ദേഹവും എന്നെക്കാൾ ഉത്തമനായിരുന്നു. പക്ഷേ, എനിക്ക് സാമ്പത്തികമായ ഭദ്രതയും ഭൗതികമായ സുഖങ്ങളും പ്രദാനം ചെയ്യപ്പെട്ടു. നമുക്ക് അതിൽനിന്ന് ഭാഗം കിട്ടി. ഞങ്ങളുടെ നന്മയുടെ ഫലം ഈ ലോകത്ത് വേഗം കിട്ടിയതാണോ എന്ന് ഞങ്ങൾക്ക് ആശങ്കയുണ്ട്. അതിനുശേഷം അദ്ദേഹം കരയാൻ തുടങ്ങി. ഭക്ഷണം മാറ്റിവച്ചു. ഇതായിരുന്നു ഭയം! അല്ലാഹുവിനോടുള്ള പേടിയായിരുന്നു അത്. (രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ് വാല്യം 2, പേജ് 111–112)

ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മു സൽമ(റ) നിവേദനം. അവരുടെ അടുത്ത് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) വന്നു. അദ്ദേഹം പറഞ്ഞു: 'എന്റെ മാതാവേ! ധനാധിക്യം എന്നെ നശിപ്പിക്കുമോ എന്ന് എനിക്ക് ഭയമുണ്ട്. കാരണം ഞാൻ ഖുറയ്ശികളിൽ ഏറ്റവും വലിയ സമ്പന്നനാണ്.' അവർ പറഞ്ഞു: മകനേ! ചെലവഴിക്കുക. അതായത് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുക. അപ്പോൾപ്പിന്നെ നാശത്തിന്റെ പ്രശ്നം തന്നെ ഉദിക്കുന്നില്ല. കാരണം ഞാൻ നബി(സ)തിരുമേനി പറയുന്നതായി കേട്ടിട്ടുണ്ട്, 'എന്റെ ചില കൂട്ടുകാരുണ്ടാകും. ഞാൻ അവരുമായി വേർപെട്ടതിനുശേഷം അവർ വീണ്ടും എന്നെ ഒരിക്കലും കാണുകയില്ല.' അതായത് ആ സ്ഥാനമെത്താത്തവരായി ചിലരുണ്ടായിരിക്കും. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പുറത്തിറങ്ങിയപ്പോൾ വഴിയിൽ വെച്ച് ഹദ്റത്ത് ഉമർ(റ)നെ കണ്ടു. അദ്ദേഹം ഉമറിനോടു ഇക്കാര്യം പറഞ്ഞു. ഹദ്റത്ത് ഉമർ(റ) നേരിട്ട് ഉമ്മുസലമയുടെ അടുത്തുവന്നു. പറഞ്ഞു: 'ഞാൻ അങ്ങയോടു അല്ലാഹുവിൽ സത്യംചെയ്തു ചോദിക്കുകയാണ്, ഞാൻ അവരിൽപ്പെട്ടയാളാണോ എന്ന് എന്നോടു പറഞ്ഞാലും!' നബി(സ)തിരുമേനി താനുമായി വീണ്ടും കാണുകയില്ലെന്ന് പറഞ്ഞവരിൽ ഞാനും പെടുമോ? ഹദ്റത്ത് ഉമ്മു സലമ(റ) പറഞ്ഞു, 'താങ്കൾ അവരിൽപ്പെട്ടയാളല്ല. പക്ഷേ, അങ്ങയ്ക്കുശേഷം ആരെ കുറിച്ചും എനിക്കു പറയാൻ സാധിക്കുകയില്ല; നബി അവരെ കാണുമോ എന്ന്'(അൽ ഇസ്തീആബ് ഫീ മഅ്രിഫത്തിൽഅസ്ഹാബ് ഭാഗം 2, പേജ് 848–849, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽജീൽ, ബേറൂത്ത്)

അതായത് ആരെ സംബന്ധിച്ചും ഉറപ്പോടെ പറയാൻ സാധിക്കുകയില്ല താങ്കൾ നബി(സ)തിരുമേനിയെ തീർച്ചയായും കാണുമെന്ന്. പക്ഷേ, ഇതും വ്യക്തമാക്കട്ടെ, മുമ്പേയും പറഞ്ഞു കഴിഞ്ഞിട്ടുള്ളതുപോലെ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) നബി(സ)തിരുമേനി സ്വർഗ്ഗത്തെക്കുറിച്ച് സുവാർത്ത നൽകിയ അശ്റാ മുബശ്ശറയിൽപെട്ടയാളാണ്. അദ്ദേഹത്തിന് സ്വർഗ്ഗത്തെക്കുറിച്ചുള്ള സുവാർത്തയും നബി(സ) തിരുമേനി നല്കിയിരുന്നു. പക്ഷേ, എന്നിട്ടും അക്കൂട്ടരിൽ അല്ലാഹുവിനോടുള്ള ഭയവും പേടിയും എത്രമാത്രമായിരുന്നുവെന്നാൽ സദാസമയം അതിനെക്കുറിച്ചുള്ള ചിന്തയിലായിരുന്നു. ഹദ്റത്ത് ഉമ്മുസലമയുടെ ഇക്കാര്യം കേട്ടിട്ടും അവിടന്ന് ക്ഷണത്തിൽ വളരെയധികം ദാനധർമങ്ങൾ ചെയ്തു

ഒരു നിവേദനമുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) വിവരിക്കുന്നു; ഹദ്റത്ത് ഉമർ(റ) സിറിയയിലേക്കു പുറപ്പെട്ട് അദ്ദേഹം സർഗ് എന്ന സ്ഥലത്തെത്തി. ശാമിന്റേയും ഹിജാസിന്റേയും അതിർത്തി പ്രദേശങ്ങളിലുള്ള തകബൂക് താഴ്‌വരയുടെ ഒരു ഗ്രാമത്തിന്റെ പേരാണ് സർഗ്. അത് മദീനയിൽനിന്ന് 13 രാത്രിയുടെ ദൂരത്താണുള്ളത്. അതായത് അക്കാലത്തെ യാത്രാവാഹനത്തിന്റെ ഏർപാടുണ്ടായിരുന്നല്ലൊ അ തിന്റെ അടിസ്ഥാനത്തിൽ അവരോടൊപ്പം 13 രാത്രികൾ തുടർച്ചയായി പൊയ്ക്കൊണ്ടിരുന്നു. അതിന്റെ യാത്രാ ദൂരം ഇത്രയായിരുന്നു. അവിടെ എത്തിയപ്പോൾ അദ്ദേഹം സൈന്യത്തലവനായിരുന്ന ഹദ്റത്ത് അബൂ ഉബയ്ദാ ബിൻ ജർറാഹിനെയും കൂട്ടാളികളെയും കണ്ടുമുട്ടി. ഈ സംഭവം ഹിജ്റ 18ൽ ഹദറ്ത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് ശാമിന്റെ വിജയങ്ങൾക്കു ശേഷമാണുണ്ടായത്. ശാം(സിറിയ) ദേശത്ത് പ്ലേഗ് എന്ന പകർച്ചവ്യാധി പടർന്നുപിടിച്ചിരിക്കുന്നുവെന്ന് അവർ ഹദ്റത്ത് ഉമറിനോടു പറഞ്ഞു. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) പറയുന്നു: ഹദ്റത്ത് ഉമർ(റ) പറഞ്ഞു: ആദ്യമായി ഹിജ്റത്തു ചെയ്തുവന്നവരെ കൂടിയാലോചിക്കുന്നതിന് എന്റെ അടുത്ത് വിളിച്ചുകൊണ്ടുവരിക. അതായത് പ്രാരംഭകാല മുഹാജിരീംകളെ വിളിച്ചുവരുത്തുക. അവരെന്താണ് അഭിപ്രായം പറയുന്നത്. ഹദ്റത്ത് ഉമർ അവരുമായി കൂടിയാലോചിച്ചു. എന്നാൽ, മുഹാജിരീംകളിൽ ഇക്കാര്യത്തിൽ അഭിപ്രായ ഭിന്നതയുണ്ടായി. ഇക്കാര്യത്തിൽ പിന്തിരിഞ്ഞുപോകാൻ പാടില്ലെന്ന് ചിലർ പറഞ്ഞു. അതായത് യാത്ര മുന്നോട്ടു തുടരണമെന്ന്! ചിലർ പറഞ്ഞു, ഈ സൈന്യത്തിൽ നബി(സ)തിരുമേനിയുടെ ആദരണീയരായ സ്വഹാബത്തുണ്ട്. അവരെ ഈ പകർച്ചവ്യാധിയിൽ ഇടുന്നത് ശരിയല്ല. അതുകൊണ്ട് ഉത്തമം തിരിച്ചുപോകുന്നതാണ്. ഹദ്റത്ത് ഉമർ(റ)മുഹാജിരീംകളെ പറഞ്ഞുവിട്ടു. അൻസ്വാറിനെ വിളിച്ചു. അവരോടു അഭിപ്രായം ആരാഞ്ഞു. എന്നാൽ, അൻസ്വാറിന്റെ അഭിപ്രായങ്ങളിലും മുഹാജിരീംകളിലുണ്ടായപോലെ അഭിപ്രായ ഭിന്നത ഉണ്ടായി. കറുച്ചുപേർ തിരിച്ചുപോകണമെന്ന് പറഞ്ഞു. കുറച്ചുപേർ മുന്നോട്ടു പോകണമെന്ന് പറഞ്ഞു. ഹദ്റത്ത് ഉമർ(റ) അൻസ്വാറിനെ പറഞ്ഞുവിട്ടു. എന്നിട്ടു പറഞ്ഞു, ഖുറയ്ശികളിലെ വൃദ്ധരെ വിളിക്കുക. മക്ക വിജയനേരത്ത് ഇസ്‌ലാം സ്വീകരിച്ച് മദീനയിൽവന്ന വൃദ്ധരായ മുഹാജിരീംകളെ വിളിക്കുക. അവർ വിളിക്കപ്പെട്ടു. അവർ ഒറ്റനാവായി അഭിപ്രായം പറഞ്ഞു, ഇവരെ കൂടെക്കൂട്ടി തിരിച്ചുപോകുക. പകർച്ചവ്യാധി പടർന്നുപിടിച്ചിരിക്കുന്ന അവിടേക്ക് പോകേണ്ട ഒരു ആവശ്യവുമില്ല. പകർച്ചവ്യാധിയുള്ള പ്രദേശങ്ങളിൽ ജനങ്ങളേയുംകൂട്ടി പോകരുത്. ഹദ്റത്ത് ഉമർ(റ) അവരുടെ അഭിപ്രായം അംഗീകരിച്ച് ജനങ്ങളോടു മടങ്ങിപ്പോകാൻ വിളംബരം ചെയ്തു. അപ്പോൾ ഹദ്റത്ത് അബൂ ഉബയ്ദാ ബിൻ ജർറാഹ്(റ) ചോദിച്ചു: 'അല്ലാഹുവിന്റെ വിധിയിൽ നിന്ന് ഓടി രക്ഷപ്പെടാൻ സാധിക്കുമോ?' അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'അബൂ ഉബയ്ദേ! ഈ ചോദ്യം താങ്കളല്ലാതെ വേറെ ആരെങ്കിലും ചോദിച്ചിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചു പോകുന്നു. അതെ! നമ്മൾ അല്ലാഹുവിന്റെ ഒരു വിധിയിൽനിന്ന് രക്ഷപ്പെട്ട് അവന്റെതന്നെ മറ്റൊരു വിധിയിലേക്ക് പോകുകയാണ്. നിന്റെ പക്കൽ ഒട്ടകങ്ങളുണ്ടെന്ന് കരുതുക. അവയെയുംകൊണ്ട് നീ ഒരുഭാഗം ഹരിതാഭവും മറുഭാഗം വരണ്ടതുമായ ഒരുപ്രദേശത്ത് കൊണ്ടുപോകുയാണെങ്കിൽ പച്ചളിപ്പുള്ള സ്ഥലത്തു നീ അവയെ മേയാൻ വിടുന്നത് ഒരു വിധിയും വരണ്ട പ്രദേശത്ത് മേയാൻ വിടുന്നത് അല്ലാഹുവിന്റെതന്നെ മറ്റൊരു വിധിയുമാകില്ലേ?' വരണ്ട പ്രദേശത്തുളളത് മറ്റാരുടേയും വിധിയല്ലല്ലോ? രണ്ടു ഓപ്ഷനുണ്ട്. ഇതിൽ ഏതു സ്വീരിക്കണമെന്ന് താങ്കൾ തീരുമാനിക്കുക. ഹരിതാഭമായ സ്ഥലം താങ്കൾ തിരഞ്ഞെടുക്കുമെന്നത് ഉറപ്പല്ലേ? ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോടു ഇങ്ങനെയാണ് പറഞ്ഞത്. നിവേദകൻ പറയുന്നു, അപ്പോഴേക്കും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) അവിടെയെത്തി. അദ്ദേഹം തന്റെ എന്തോ ആവശ്യം കാരണത്താൽ ആദ്യം അവിടെ വന്നിരുന്നില്ല. അദ്ദേഹം പറഞ്ഞു: ഈ പ്രശ്നത്തിനുള്ള പരിഹാരം എനിക്കറിയാം. നബി(സ)തിരുമേനി ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്, 'ഏതെങ്കിലും പ്രദേശത്ത് പകർച്ചവ്യാധി പൊട്ടി പുറപെട്ടിട്ടുണ്ടെന്ന് നിങ്ങൾ കേട്ടാൽ ആ പ്രദേശത്തേക്കു നിങ്ങൾ പോകരുത്. നിങ്ങൾ താമസിക്കുന്ന പ്രദേശത്താണ് പകർച്ചവ്യാധി പടർന്നിട്ടുള്ളതെങ്കിൽ അവിടെനിന്നും നിങ്ങൾ പുറത്തുപോകുകയും അരുത്. ആ വ്യാധി മറ്റുള്ളവർക്ക് പകരാതിരിക്കാനായി നിങ്ങൾ നിങ്ങളെ സ്വയം അവിടെതന്നെ അടച്ചിടുക.'

ഇക്കാലത്ത് ലോക്ഡൗൺ നടപ്പിലാക്കിയിട്ടുള്ള രാജ്യങ്ങളിൽ, അത് കൃത്യസമയത്ത് നടപ്പിലാക്കിയ സ്ഥലങ്ങളിൽ ഒരു പരിധിവരെ നിയന്ത്രണ വിധേയമായിട്ടുണ്ട്. അശ്രദ്ധ കാരണം അതിനു സാധിക്കാത്ത സ്ഥലങ്ങളിൽ അത് വ്യാപിച്ചു കൊണ്ടേയിരിക്കുകയാണ്. ഏതായിരുന്നാലും ഈ അടിസ്ഥാനകാര്യം നബി(സ)തിരുമേനി ആരംഭത്തിൽത്തന്നെ സ്വഹാബിമാർക്ക് പറഞ്ഞുകൊടുത്തിരുന്നു. അപ്പോൾ ഹദ്റത്ത് ഉമർ(റ) അല്ലാഹുവിനെ സ്തുതിച്ചശേഷം അവിടെനിന്നും മടങ്ങിപ്പോയി.(സ്വഹീഹ് ബുഖാരി, കിതാബുത്വിബ്ബ്, ഹദീഥ് 5729)

ഹദ്റത്ത് മിസ്‌വർ ബിൻ മഖ്റമ(റ) വിവരിക്കുന്നു: ഹദ്റത്ത് ഉമർ(റ) നല്ല ആരോഗ്യസ്ഥിതിയിലായിരിക്കുമ്പോൾ ആരെയെങ്കിലും ഖലീഫയാക്കി വസ്വിയ്യത്തു ചെയ്യാൻ അദ്ദേഹത്തോടു അപേക്ഷിക്കാറുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം അത് നിഷേധിക്കുകയായിരുന്നു പതിവ്. പിന്നീടൊരിക്കൽ അദ്ദേഹം മിമ്പറിൽ വന്നു. കുറച്ചു കാര്യങ്ങൾ വിവരിച്ചതിനുശേഷം പറഞ്ഞു:

**ഹദീഥുന്നബ്‌വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,*
*'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'*
*(മുസ്‌ലിം)*

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

'ഞാൻ മരിച്ചാൽ നിങ്ങളുടെ കാര്യം 6 പേരുടെ ചുമതലയിലായിരിക്കും. നബി(സ)തിരുമേനി അവരിൽ സംതൃപ്തനായിരിക്കെയാണ് അവരിൽനിന്ന് വേർപെട്ടത്. ഹദ്റത്ത് അലിയ്യ് ബിൻ അബൂത്വാലിബ്, അങ്ങയ്ക്ക് സദൃശനായ ഹദ്റത്ത് സുബയ്ർ ബിൻ അൽഅവാം, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), അങ്ങയ്ക്ക് സദൃശനായ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ), ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, അങ്ങയ്ക്ക് സദൃശനായ ഹദ്റത്ത് സഅ്ദ് ബിൻ മാലിക്(റ). അദ്ദേഹം പറഞ്ഞു: ശ്രദ്ധിച്ചു കേൾക്കുക! ഞാൻ നിങ്ങൾക്കെല്ലാവർക്കും തീരുമാനമെടുക്കുന്നതിൽ അല്ലാഹുവിനോടു ഭയഭക്തിയുള്ളവരായിരിക്കാനും വിതരണത്തിൽ നീതി പാലിക്കാനും കല്പിക്കുന്നു. അബൂജഅ്ഫർ പറയുന്നു: ഹദ്റത്ത് ഉമർ ബിൻ ഖത്വാബ് ശൂറാ അംഗങ്ങളോടു പറഞ്ഞു: നിങ്ങളുടെ കാര്യത്തിൽ പരസ്പരം കൂടിയാലോചിക്കുക. ഈരണ്ടു പേർ വരുകയാണെങ്കിൽ വീണ്ടും കൂടിയാലോചിക്കുക. നാലും രണ്ടുമാണെങ്കിൽ ഭൂരിപക്ഷത്തെ അംഗീകരിക്കുക. മുമ്മൂന്നാകുകയാണെങ്കിൽ എവിടെയാണോ അബ്ദുർറഹ്മാൻ ബിൻ ഔഫുള്ളത് അദ്ദേഹത്തിന്റെ വാക്കുകൾ ആളുകൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക.

അബ്ദുർറഹ്മാൻ ബിൻ സയീദ് പറയുന്നു: ഹദ്റത്ത് ഉമർ(റ)ന് മുറിവേറ്റപ്പോൾ അവിടന്ന് പറഞ്ഞു: സ്വുഹയ്ബേ! താങ്കൾ ജനങ്ങൾക്ക് ഇമാമായി നമസ്കരിപ്പിക്കണം. അതായത് ഹദ്റത്ത് സ്വുഹയ്ബിനെ ഇമാമുസ്സ്വലാത്തായി നിശ്ചയിച്ചു. ഇക്കാര്യം അവിടന്ന് മൂന്നു പ്രാവശ്യം പറഞ്ഞു. നിങ്ങളുടെ ഇക്കാര്യത്തിൽ കൂടിയാലോചിക്കുക. ഇത് ആ ആറുപേരുടെ ചുമതലയിലാണുള്ളത്. നിങ്ങളുടെ കല്പനയെ ആരാണോ നിഷേധിക്കുന്നത്, ആരാണോ നിങ്ങളെ എതിർക്കുന്നത് അവരെ വധിക്കുക. അടുത്ത കല്പന ആവശ്യം വന്നാൽ ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് നടത്തേണ്ടിവന്നാൽ ഈ ആറുപേരിലായിരിക്കും. ആ സമയംവരെ ഹദ്റത്ത് സ്വുഹയ്ബ് ഇമാമത്ത് നിർവഹിക്കുന്നതായിരിക്കും. ഹദ്റത്ത് അനസ് ബിൻ മാലിക്(റ) പറയുന്നു: ഹദ്റത്ത് ഉമർ(റ) തന്റെ വഫാത്തിന് കുറച്ചു നിമിഷംമുമ്പേ ഹദ്റത്ത് അബൂത്വൽഹായ്ക്ക് സന്ദേശമയച്ചു. പറഞ്ഞു: അബൂ ത്വൽഹേ! താങ്കൾ താങ്കളുടെ ജനതയായ അൻസ്വാറിൽനിന്ന് 50 പേരേയും കൊണ്ട് ശൂറാ അംഗങ്ങളുടെ അടുത്തേക്ക് പോകുക. തങ്ങളിൽ ആരെയെങ്കിലും അവർ അമീറായി തിരഞ്ഞെടുക്കുന്നതുവരെ മൂന്നു ദിവസംവരെ വിടരുത്; അല്ലാഹുവേ! നീ അവരുടെമേൽ എന്റെ ഖലീഫയാണ്.'

ഇസ്ഹാഖ് ബിൻ അബ്ദുല്ലാഹ് പറയുന്നു: ഹദ്റത്ത് അബൂത്വൽഹ(റ) കുറച്ചുനേരം ഹദ്റത്ത് ഉമറിന്റെ ഖബറിന്റടുത്തു നിന്നു. അതിനുശേഷം ശൂറാ അംഗങ്ങളോടൊപ്പം നിന്നു. പിന്നീട് ശൂറാ അംഗങ്ങൾ തങ്ങളുടെ കാര്യം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനെ ഏല്പിച്ചപ്പോൾ, ആരെ വേണമെങ്കിലും ഖലീഫയാക്കാൻ അദ്ദേഹത്തിന് അധികാരമുണ്ടായി. അപ്പോൾ അബൂത്വൽഹ തന്റെ കൂട്ടുകാരോടൊത്ത് ഹദ്റത്ത് ഉഥ്മാന് ബയ്അത്ത് ചെയ്യുന്നതുവരെ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെ വീടിന്റെ വാതിൽക്കൽ നിന്നു.

ഹദ്റത്ത് സൽമ ബിൻ അബൂസൽമ തന്റെ പിതാവിൽനിന്ന് നിവേദനം. ഏറ്റവുമാദ്യം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ഹദ്റത്ത് ഉഥ്മാന് ബയ്അത്തു ചെയ്തു. അതിനുശേഷം ഹദ്റത്ത് അലി(റ). ഹദ്റത്ത് ഉമർ മോചിപ്പിച്ച അടിമ ഉമർ ബിൻ അമീറ തന്റെ പിതാമഹനിൽനിന്ന് നിവേദനം. ഏറ്റവുമാദ്യം ഹദ്റത്ത് അലി ഹദ്റത്ത് ഉഥ്മാന് ബയ്അത്തു ചെയ്തു. അതിനുശേഷം എല്ലാവരും ബയ്അത്തുചെയ്തു. (അത്ത്വബഖാത്തുൽ കുബ്റാ ഭാഗം 3, പേജ് 44–46, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ബുഖാരിയിലെ ഒരു നിവേദനത്തിൽ ഇങ്ങനേയുമുണ്ട്. ഹദ്റത്ത് ഉമർ(റ) അല്ലാഹു അക്ബർ എന്ന് പറഞ്ഞ് നമസ്കാരം ആരംഭിച്ചയുടനെ ആക്രമണത്തിന്നിരയായി മുറിവേറ്റ അവസ്ഥയിൽ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന്റെ കൈ പിടിച്ച് ഇമാമത്ത് നിർവ്വഹിക്കുന്നതിന് മുന്നോട്ടു നീക്കി. അപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) നമസ്കാരം ഹ്രസ്വമായി നമസ്കരിപ്പിച്ചു.(സ്വഹീഹുൽബുഖാരി, കിതാബുൽ ഫളാഇൽ ഹദീഥ് 3700)

ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്ത് തിരഞ്ഞെടുപ്പിൽ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന്റെ പങ്കിനെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ആദ്യം രണ്ടു നിവേദനങ്ങൾ വന്നു. അവയിൽ ഒന്നിലാണ് ഈ അഭിപ്രായ ഭിന്നതയുള്ളത്. ബാക്കിയുള്ളതെല്ലാം പറഞ്ഞ കാര്യങ്ങൾ തന്നെയാണ്. എന്തായാലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:ഹദ്റത്ത് ഉമർ(റ) മുറിവേറ്റു കിടക്കുന്ന അവസരത്തിൽ തന്റെ അവസാന സമയമാണിതെന്ന് അദ്ദേഹത്തിന് തോന്നിയപ്പോൾ അവിടന്ന് ആറുപേരെ സംബന്ധിച്ച് വസ്വിയ്യത്ത് ചെയ്തു;അവർ തങ്ങളിലാരെയെങ്കിലും ഖലീഫയായി നിശ്ചയിക്കാൻ! ആ ആറുപേർ ഇവരായിരുന്നു. ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഹദ്റത്ത് സഅ്ദ് ബിൻ വഖാസ്(റ), ഹദ്റത്ത് സുബയ്ർ(റ), ഹദ്റത്ത് ത്വൽഹ(റ). അതിനോടൊപ്പം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിനേയും ഈ കൂടിയാലോചനയിൽ പങ്കെടുപ്പിക്കുന്നതിന് നിശ്ചയിച്ചു. എന്നാൽ, ഖിലാഫത്തിന്റെ അവകാശിയാക്കിയില്ല. ഇവരെല്ലാവരും ചേർന്ന് മൂന്നു ദിവസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് വസ്വിയ്യത്തു ചെയ്തു. മൂന്നു ദിവസത്തേക്ക് ഹദ്റത്ത് സ്വുഹയ്ബ്(റ)നെ ഇമാമുസ്സ്വലാത്തായി നിശ്ചയിച്ചു. കൂടിയാലോചനയ്ക്കു മേൽനോട്ടം വഹിക്കാൻ ഹദറ്ത്ത് മിഖ്ദാദ് ബിൻ അസ്‌വദിനെ ചുമതലപ്പെടുത്തി. എല്ലാവരേയും ഒരിടത്ത് സംഘടിപ്പിച്ച് തീരുമാനമെടുക്കാൻ നിർബന്ധിക്കണമെന്ന് അദ്ദേഹത്തോടു നിർദേശിച്ചു. വാൾ കൈയിലേന്തി വാതിൽക്കൽ കാവൽ നില്ക്കണമെന്നും പറഞ്ഞു.

മുമ്പേയുള്ള നിവേദനങ്ങളിൽ ഹദ്റത്ത് ത്വൽഹായെ കുറിച്ചാണ് പറയുന്നത്. പക്ഷേ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവിധ സ്ഥലങ്ങൾ പരിശോധിച്ചെടുത്ത ഫലം ഇങ്ങനെയാണ്: ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ കാവൽ നില്ക്കേണ്ട ചുമതല മിഖ്ദാദ് ബിൻ അസ്‌വദിനെ ഏല്പിച്ചിരുന്നു. എന്നിട്ട് പറഞ്ഞു: ഭൂരിഭാഗമാളുകളും യോജിക്കുന്ന ആളിന് ബയ്അത്ത് ചെയ്യുക. നിഷേധിക്കുന്നയാളെ വധിക്കുക. ഇനി ഇരുപക്ഷത്തും മുമ്മൂന്നുപേർ വരികയാണെങ്കിൽ അബ്ദുല്ലാഹ് ബിൻ ഉമർ ആരെയാണോ അഭിപ്രായപ്പെടുന്നത് അയാൾ ഖലീഫയായിരിക്കണം. ഈ തീരുമാനത്തിൽ തൃപ്തിവരുന്നില്ലെങ്കിൽ ആരുടെ ഭാഗത്താണോ അബ്ദുർറഹ്മാൻ ബിൻ ഔഫ് ഉള്ളത് അയാൾ ഖലീഫയാകണം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ അഭിപ്രായമനുസരിച്ച് ഹദ്റത്ത് ത്വൽഹ(റ) ആ നേരത്ത് മദീനയിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ട് അഞ്ചുപേരാണുണ്ടായിരുന്നത്. അഞ്ചു സ്വഹാബിമാരും കൂടിയാലോചിച്ചു. പക്ഷേ, ഒരു ഫലവുമുണ്ടായില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അവസാനം ത്വൽഹാ കൂടാതെയുള്ള അഞ്ചുപേർ ചേർന്ന് കൂടിയാലോചിച്ചു. ഫലമൊന്നുമുണ്ടായില്ല. ദീർഘമായ ചർച്ചയ്ക്കുശേഷം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറഞ്ഞു: ആരാണോ തന്റെ പേര് പിൻവലിക്കാൻ ആഗ്രഹിക്കുന്നത് അവർ അവരുടെ പേര് പറയുക. എല്ലാവരും മൗനംപാലിച്ചപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറഞ്ഞു, ഏറ്റവുമാദ്യം ഞാനെന്റെ പേര് പിൻവലിക്കുകയാണ്. പിന്നീട് ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു, പിന്നെ അവശേഷിച്ച രണ്ടുപേരും പറഞ്ഞു. ഹദ്റത്ത് അലി നിശബ്ദനായിരുന്നു. അവസാനം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ൽ നിന്ന് ഹദ്റത്ത് അലി(റ), തീരുമാനം എടുക്കുന്നതിൽ ഒരു ഇളവും ചെയ്യുകയില്ലെന്ന് പ്രതിജ്ഞ വാങ്ങി. അദ്ദേഹം പ്രതിജ്ഞ ചെയ്യുകയും എല്ലാ ജോലിയും അദ്ദേഹത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. അതായത് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) എന്തു തീരുമാനിച്ചാലും ഒരു ഇളവുമുണ്ടായിരിക്കുകയില്ല, പക്ഷപാദിത്വവും ഉണ്ടാകുകയില്ല. പ്രതിജ്ഞ കഴിഞ്ഞപ്പോൾ എല്ലാ ജോലിയും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന്റെ ഉത്തരവാദിത്വത്തിലായി. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) മൂന്നു ദിവസം എല്ലാ വീട്ടിലും കയറിയിറങ്ങി പുരുഷന്മാരോടും സ്ത്രീകളോടും ആരുടെ പക്ഷത്താണെന്നുള്ള അഭിപ്രായം ആരാഞ്ഞു. തങ്ങൾക്ക് ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്താണ് ഇഷ്ടമെന്ന് എല്ലാവരും പറഞ്ഞു. അങ്ങനെ അദ്ദേഹം ഹദ്റത്ത് ഉഥ്മാന് അനുകൂലമായി വിധിനല്കി. അദ്ദേഹം ഖലീഫയായി. (ഖിലാഫത്തെ റാശിദ, അൻവാറുൽ ഉലൂം വാല്യം 15, പേജ് 484–485)

ഈ വിഷയത്തെ സംബന്ധിച്ച് മറ്റൊരു നിവേദനവുമുണ്ട്. അത് ദീർഘമാണ്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)നെ കുറിച്ചുള്ള ബാക്കിഭാഗം പിന്നീട് വിവരിക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്! അല്ലെങ്കിൽ ആ ദീർഘമായ നിവേദനം അത് ഉഥ്മാന്റെ ഖിലാഫത്തിനെ കുറിച്ചാണെങ്കിലും അല്ലെങ്കിൽ ഹദ്റത്ത് ഉമറിന്റെ ജീവിതത്തെ കുറിച്ചാണെങ്കിലും അവിടേയും വിവരിക്കാവുന്നതാണ്. ഇങ്ങനെയാണെങ്കിലും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന്റെ ജീവചരിത്രത്തിലെ ചില സംഭവങ്ങളും അദ്ദേഹത്തിന്റെ നന്മകളും അല്പംകൂടി വിവരിക്കാൻ ബാക്കിയുണ്ട്. അത് വരും ഖുത്ബകളിൽ വിവരിക്കുന്നതായിരിക്കും ഇൻശാ അല്ലാഹ്.

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ ജർമൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദ് മാത്ര**

## 2019 ജൂലൈ 4 വ്യാഴാഴ്ച:

(തുടർച്ച....) വിവിധ ജനങ്ങളുമായി ബന്ധം വെക്കുന്ന അതിഥികൾക്ക് അവരുടെ ആവശ്യവും രീതിയുമനുസരിച്ച് പ്രത്യേക ഭക്ഷണം തയ്യാറാക്കപ്പെട്ടിരുന്നു. ഹുദൂർ അതും പരിശോധിച്ചു. ജൽസസാലാനയിൽ പങ്കെടുക്കാൻ വരുന്ന ആയിരക്കണക്കിന് ആളുകൾക്ക് ഇന്ന് ഇറച്ചി ഉരുളക്കിഴങ്ങിട്ടു വെച്ചതും പരിപ്പുകറിയുമാണ് തയ്യാറാക്കിയിരുന്നത്. അതിനോടൊപ്പം റൊട്ടിയും വെച്ചിരുന്നു.

ഹുദൂർ അൻവർ വാത്സല്യത്തോടെ ഉരുളക്കിഴങ്ങും ഇറച്ചിയും ചേർത്തു പാകംചെയ്ത കറിയും പരിപ്പുകറിയും രുചിച്ച് അഭിപ്രായം പറഞ്ഞു. അതിഥികൾക്ക് നല്കേണ്ട കറികൾ ശരിയായ നിലയിലാണോ പാകം ചെയ്തിട്ടുള്ളതെന്നും അതിലെന്തങ്കിലും കുറവുണ്ടോ എന്നും പരിശോധിക്കുകയായിരുന്നു ഹുദൂർ. ഹുദൂർ ഭക്ഷണത്തിന്റെ നിലവാരത്തെ കുറിച്ച് സംഘാടകരുമായി സംസാരിച്ചു.

ലങ്കർഖാനയിലെ ജോലിക്കാർ വലിയൊരു കേക്ക് തയ്യാറാക്കിയിട്ടുണ്ടായിരുന്നു. ഹുദൂർ അൻവർ ഖാദിമീങ്ങൾക്കുവേണ്ടി വിവിധ കഷണങ്ങളാക്കി മുറിച്ചു. ഒരു കഷണം രുചിക്കുകയും ചെയ്തു.

ലങ്കർഖാനയ്ക്ക് വെളിയിൽ ചെമ്പു കഴുകു ന്ന മെഷീൻ ഘടിപ്പിച്ചിട്ടുണ്ടായിരുന്നു. ഈ മെഷീൻ കഴിഞ്ഞ പതിനൊന്ന് പന്ത്രണ്ട് വർഷമായി ഘടിപ്പിച്ചുവരുന്നതാണ്. ഓരോ വർഷവും അതിൽ കൂടുതൽ സൗകര്യം കൊണ്ടുവരാറുണ്ട്. ഈ മെഷീൻ അഹ്മദി എഞ്ചിനിയർമാർ ചേർന്ന് തയ്യാറാക്കിയെടുത്തതാണ്. തുടക്കത്തിൽ മെഷീനിൽ ചെമ്പ് വെച്ചതിനുശേഷം ഒരു ബട്ടൺ അമർത്തേണ്ടി വന്നിരുന്നു. പക്ഷേ, കഴിഞ്ഞ ഒന്നു രണ്ടുവർഷമായി ഈ ബട്ടൺ അമർത്തേണ്ടി വരുന്നില്ല. ചെമ്പ് വൃത്തിയാക്കാൻ വെച്ചുടനെ മെഷീൻ സ്വയം പ്രവർത്തനം തുടങ്ങുന്നു. ചെമ്പ് കഴുകുന്ന പ്രക്രിയ കഴിഞ്ഞാൽ അത് സ്വയം വെളിയിൽ വരുന്നു.

ഈ മെഷീനെ സംബന്ധിച്ച് ഹുദൂർ അമീർ സാഹിബുമായി സംസാരിച്ചു. അതിനുശേഷം ലങ്കർഖാനയിലെ ജോലിക്കാർ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനോടൊപ്പം ഗ്രൂപ്പ് ഫോട്ടോയുമെടുത്തു.

ലങ്കർ ഖാനയുടെ അടുത്തുതന്നെ ഭക്ഷണം കഴിക്കുന്നതിന് രണ്ടു വലിയ പന്തലിട്ടിരുന്നു. അതിനടുത്തുതന്നെ ചായയുടെ സ്റ്റാളുമുണ്ടായിരുന്നു. ഹുദൂർ അതെല്ലാം നോക്കിക്കണ്ടു. ഇതു സംബന്ധമായി അഫ്സർ സാഹിബ് ജൽസസാലാനയോടു ചില കാര്യങ്ങൾ അന്വേഷിച്ചു.

തുടർന്ന് ഹുദൂർ പ്രൈവറ്റ് കൂടാരങ്ങളുടെ ഏരിയ സന്ദർശിച്ചു. കൂടാരങ്ങളുടെ ഇടയിലുള്ള വഴിയിലൂടെ പോയി. വഴിയുടെ ഇരു ഭാഗങ്ങളിലും ജർമനിയിലെ വിവിധ ജമാഅത്തുകളിൽനിന്നും പ്രദേശങ്ങളിൽനിന്നും വന്ന കുടുംബങ്ങൾ തങ്ങളുടെ കൂടാരങ്ങളുടെ അടുത്ത് നിലയുറപ്പിച്ചിരുന്നു. ഇവരെല്ലാവരും തങ്ങളുടെ കൈകഉയർത്തി ഹുദൂറിന് സലാം പറയുന്നുണ്ടായിരുന്നു. ഹുദൂർ കൈകളുയർത്തി അവർക്കു മറുപടിയും നല്കി. ചിലരോടു അവരുടെ കൂടാരത്തെ കുറിച്ച് ചോദിച്ചറിയുകയും ചെയ്തു. വിവിധ ഭാഗങ്ങളിൽനിന്ന് നിരന്തരം മുദ്രാവാക്യങ്ങളും തക്ബീർ ധ്വനികളും ഉയർന്നുകൊണ്ടിരുന്നു.

ഹുദൂർ ഒരു കൂടാരത്തിന്നടുത്തുപോയി അത് പരിശോധിക്കുകയും ചെയ്തു. ഈ കൂടാരത്തിൽ താമസിക്കുന്ന കുടുംബവുമായി സംസാരിക്കുകയും ചെയ്തു.എത്ര പേർക്ക് ഇതിൽ താമസിക്കാൻ കഴിയുമെന്നും ഇതിലേക്ക് പ്രവേശിക്കാൻ എത്ര വഴികളുണ്ടെന്നും ഹുദൂർ ചോദിച്ചു. കൂടാരത്തിനുള്ളിൽ ഒരു കട്ടിൽ മാത്രം വെച്ചിരിക്കുന്നതിന്റെ കാരണം, അവരിലൊരാൾക്ക് നിലത്തു കിടക്കുന്നതിനു ബുദ്ധിമുട്ടുള്ളതു കൊണ്ടാണെന്ന് ആ കുടുംബം ഹുദൂറിനെ അറിയിച്ചു.

പ്രൈവറ്റ് കൂടാരങ്ങളുടെ മുറ്റത്തിന്റെ ഒരു ഭാഗത്ത് പ്രൈവറ്റ് Caravan(സാർഥവാഹക സംഘത്തിന് താമസിക്കാനുള്ള കൂടാരം)നു വേണ്ടിയും പ്രത്യേകപ്പെടുത്തിരുന്നു. ഈ കൂടാരങ്ങളുടേയും Caravanന്റേയും ചുറ്റും കമ്പി വേലി കെട്ടുകയും ഗേറ്റ് വെക്കുകയും ചെയ്തിരുന്നു. രജിസ്ട്രേഷൻ, കാർഡ് ചെക്കിംഗ്, സ്കാനിംഗ് എന്നിവക്കുശേഷമേ ഇവിടേക്ക് പ്രവേശിക്കാൻ അനുമതിയുള്ളൂ.

ശേഷം ലജ്നാ ജൽസാ ഗാഹിന്റെ തയ്യാറെടുപ്പുകൾ വിലയിരുത്താൻ പോയ ഹുദൂർ അവർക്ക് വേണ്ടി ഒരുക്കിയ ഭക്ഷണത്തിന്റേയും ബാസാറിന്റേയും ഏർപാടുകളും നോക്കിക്കണ്ടു. പുറത്ത് തുറന്ന ഏരിയായിൽ ഈ സംവിധാനം ഒരുക്കപ്പെട്ടതുകൊണ്ട് ജൽസാ ഹാളിൽ വിശാലമായ സ്ഥലം ലഭ്യമായിരുന്നു. ഈ സ്ഥലങ്ങളെല്ലാം നോക്കിക്കണ്ട ഹുദൂർ ആവശ്യമായ നിർദേശങ്ങളും നല്കിക്കൊണ്ടിരുന്നു.

ലജ്നാ ജൽസാ ഹാളിൽ നാളിമ അഅ്ലായുടെ കീഴിൽ 10 നാളിമ അഅ്ലാ നാഇബുമാരും 58 നാളിമാത്തും 72 മുൻതളിമാത്തും 386 നാഇബ് നാളിമാത്തും 11 ഇൻചാർജുമാരും 4698 മുആവിനാത്തും സേവനത്തിൽ നിരതരായിരുന്നു.

ഇവിടെനിന്ന് എം.ടി.എ സ്റ്റുഡിയോയിലേക്ക് പോയ ഹുദൂർ എം.ടി.എ-3 അൽ അറബിയ സ്റ്റുഡിയോ നോക്കിക്കാണുകയും അവിടുത്തെ ടീമുമായി സംസാരിക്കുകയും ചെയ്തു.

തുടർന്ന് എം.ടി.എ യുടെ പന്തലിലേക്ക് പോയ ഹുദൂർ അതിന്റെ വിവിധ വകുപ്പുകളും പ്രൊജക്റ്റുകളും ഗ്രാഫിക്സിന്റേയും എഡിറ്റിംഗിന്റേയും സൗകര്യങ്ങളും നോക്കിക്കണ്ടു. പുസ്തകങ്ങളുടെ സ്റ്റോറും സ്റ്റാളും തുടർന്ന് ഹുദൂർ സന്ദർശിച്ചു. പുസ്തകങ്ങൾ വായനക്കാർക്ക് പെട്ടെന്ന് കാണുന്നതിനും വാങ്ങിക്കുന്നതിനും സൗകര്യപ്പെടുന്ന വിധത്തിലാണ് അടുക്കി വെച്ചിരുന്നത്.

ബറാഹീനെ അഹ്മദിയ്യായുടെ നാല് ഭാഗത്തിന്റേയും എസ്സൻസ് ഓഫ് ഇസ്ലാമിന്റേയും ജർമൻ തർജമയാണ് പുതിയതായി പ്രസിദ്ധീകരിച്ചിരുന്നത്. ഹുദൂർ ഈ പുസ്തകങ്ങൾ നോക്കി. തുടർന്ന് വിവിധ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന ഭാഗത്തേക്ക് നീങ്ങിയ ഹുദൂർ ഇവിടെ സ്ഥാപിതമായ വഖ്ഫെ നൗ, വിവാഹ വകുപ്പ്, കഅഅഅജ്ജ വകുപ്പ്, ഹ്യൂമാനിറ്റി ഫസ്റ്റ്, ഖുദ്ദാം കഫെ, തഅ്ലീം വകുപ്പ്, ജാമിഅ അഹ്മദിയ്യാ, അൽഫള്ൽ ഇന്റർനാഷണൽ, തഅ്ലീമുൽ ഖുർആൻ, ഉമൂറെആമ, വസിയ്യത്ത്, ജാഇദാദ് വകുപ്പ് തുടങ്ങിയവയെ കുറിച്ച് ചോദിച്ചറിയുകയും അൽഫള്ൽ ഇന്റർനാഷണൽ, ജാമിഅ അഹ്മദിയ്യാ സ്റ്റാളുകൾ സന്ദർശിക്കുകയും ചെയ്തു. ഖുദ്ദാമിന്റെ സ്റ്റാളും വിലയിരുത്തി. ഹ്യൂമാനിറ്റി ഫസ്റ്റ് ജർമനിയുടെ സ്റ്റാളിലെത്തിയ ഹുദൂർ അതിന്റെ ആപ്പും പുറത്തിറക്കി. ഈ വിഭാഗത്തിന്റെ ഇൻചാർജ് അത്ഹർ സുബയ്ർ സാഹിബിനോട് ഇതിന്റെ വിവിധ പ്രവർത്തനങ്ങളെ കുറിച്ച് ചോദിച്ചറിഞ്ഞു. ഇതിൽ ഹ്യൂമാനിറ്റി ഫസ്റ്റ്, ഖിദ്മത്തെ ഇൻസാനിയ്യത്ത്, പൊതുജന സേവനങ്ങൾ സംബന്ധമായ പ്രവർത്തനങ്ങളെ കുറിച്ച് ഹുദൂർ അൻവർ നല്കിയ നിർദേശങ്ങളും പ്രഭാഷണങ്ങളും ലഭ്യമാണെന്നും മാനവ സേവനങ്ങളുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങളും ഇതിൽ പ്രദർശിപ്പിക്കുന്നതായിരിക്കുമെന്നും ഇൻചാർജ് സാഹിബ് വിശദീകരിച്ചു. ഈ പ്രവർത്തനങ്ങൾക്കായി ഫണ്ടിംഗ് ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് സഹായകമാകുന്ന വിവരങ്ങളും ലോകത്താകമാനം ഹ്യൂമാനിറ്റി ഫസ്റ്റ് ചെയ്തു വരുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ടും ഇതിൽ വന്നു കൊണ്ടിരിക്കുമെന്നും അദ്ദേഹം വെളിപ്പെടുത്തി.

സാവോ ടോം(Sao Tome) രാജ്യത്ത് ഹ്യൂമാനിറ്റി ഫസ്റ്റ് തുറക്കാൻ പോകുന്ന ആശുപത്രിക്ക് ഭരണകൂടം നല്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ചിത്രവും അവിടെ പ്രദർശിപ്പിച്ചിരുന്നു. ഹുദൂർ ആ ചിത്രവും കെട്ടിടത്തിന്റെ മോഡലും കണ്ടു.

ജർമനി ഹ്യൂമാനിറ്റി ഫസ്റ്റ് ചെയർമാൻ ഹുദൂർ അൻവറിനോടു പറഞ്ഞു: ഒരു വർഷം മുമ്പേ ഹുദൂർ നിർദേശങ്ങൾ നല്കിക്കൊണ്ടു പറഞ്ഞിരുന്നു, രണ്ടര ലക്ഷം യൂറോ ചെലവാക്കി ഇവിടെ ഹോസ്പിറ്റൽ നിർമിക്കുക. അല്ലാഹു അത് ചെയ്യുന്നതായിരിക്കുമെന്നും ഹുദൂർ പറഞ്ഞിരുന്നു.

ഇപ്പോൾ അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ Sao Tome സർക്കാർ കഴിഞ്ഞ 8 വർഷമായി അടഞ്ഞു കിടന്നിരുന്ന 5 മില്യൺ ഡോളറിന്റെ ഈ ഹോസ്പിറ്റൽ നമുക്ക് ന

### ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

### ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്ലിം)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

ല്കിയിരിക്കുകയാണ്. ഇതുകേട്ട ഹുദൂർ പറഞ്ഞു, "ഇത് വളരെ ശ്രേഷ്ഠമായിരിക്കുന്നു, ഇനി ഇപ്പോൾ നിങ്ങൾക്ക് 2 ലക്ഷം യൂറോക്ക് പ്രവൃത്തികൾ തുടങ്ങാൻകഴിയും."

ഹ്യൂമാനിറ്റി ഫസ്റ്റ് ഒരു കിറ്റ് തയ്യാറാക്കിയിട്ടുണ്ട്; ഇത് ഒരു ജാക്കറ്റ്, പേനയുടെ ഒരു സെറ്റ്, നോട്ട് ബുക്ക്, പെൻഹോൾഡർ, വൈറ്റ് പേപ്പർ, വാസ് കറ്റ്, വാൾക്ളോക്ക്, സൺഗ്ളാസുകൾ, ക്യാപ്, ഒരു ജിന്നാ ക്യാപ് എന്നിവ അടങ്ങിയതാണ്. ഹുദൂർ അൻവർ പൈസ നല്കി ആ കിറ്റ് വാങ്ങി. ഇതോടൊപ്പം Sao Tome ൽ നിന്നു വന്ന പ്രതിനിധിക്ക് ഇത് ഉപഹാരമായി നല്കാൻ ഇൻചാർജിനോട് നിർദേശിക്കുകയും ചെയ്തു. ശേഷം എം.ടി.എ. ലൈവ് സംപ്രേഷണം നടത്തുന്ന സംവിധാനങ്ങളുള്ള സ്ഥലത്തേക്ക് പോയി. എം.ടി.എ. യുടെ അപ്ലിങ്ക് നിർവഹിച്ചു വരുന്ന എല്ലാ സംവിധാനങ്ങളും ഒരുക്കി വെച്ചിരുന്ന 3 വാനുകൾ അവിടെ സജ്ജീകരിച്ചിരുന്നു. ഒരു വാൻ മുഖേന എം.ടി.എ. യുടെ ലൈവ് പ്രോഗ്രാം ജൽസാ ഹാളിൽ നിന്നും അപ്ലിങ്ക് ചെയ്യുന്നതാണ്. രണ്ടാമത്തെ വാൻ എം.ടി.എ. –1 ഉം മൂന്നാമത്തെ വാൻ എം.ടി.എ. –3യുടെ പരിപാടികളും സംപ്രേഷണം ചെയ്യുന്നതായിരിക്കും. ഈ സംവിധാനങ്ങൾ കണ്ട ഹുദൂർ വിവിധ സംവിധാനങ്ങളെ കുറിച്ച് പ്രവർത്തകരുമായി സംസാരിക്കുകയും ചെയ്തു.

ജൽസാഗാഹിന്റെ പ്രധാന ഹാളിനു പുറത്ത് ഒരു പന്തലിട്ട് അതിൽ വിവിധ ക്യാബിനുകളുണ്ടാക്കി ജൽസാ സാലാനയുമായി ബന്ധപ്പെട്ട എല്ലാ പരിപാടികളുടേയും പ്രഭാഷണങ്ങളുടേയും വിവിധ ഭാഷകളിൽ തൽസമയ തർജമ ചെയ്യാനുള്ള സംവിധാനവും ഒരുക്കിയിരുന്നു. ഇവിടെ 20 ക്യാബിനുകളിലായി ചുവടെ ചേർക്കുന്ന 13 ഭാഷകളിൽ തൽസമയ തർജമയ്ക്കുള്ള സംവിധാനം ഒരുക്കിയിരുന്നു.

അറബി, അൽബേനിയൻ, ബംഗ്ല, ബോസ്നിയൻ, ബൽഗേറിയൻ, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ, ഇന്തൊനേഷ്യൻ, റഷ്യൻ, സ്പാനിഷ്, ടർക്കിഷ്, ഉർദു. ഇതു കൂടാതെ സ്ത്രീകളുടെ സെഷനിൽ 7 ഭാഷകളിൽ തർജമയ്ക്കുള്ള സംവിധാനവും ചെയ്യപ്പെട്ടിരുന്നു. പരിഭാഷകർക്ക് ഇരിക്കാൻ പന്തലിനു പുറത്താണ് സംവിധാനം തയ്യാറാക്കിയിരുന്നത്.

### ജൽസാ ഡ്യൂട്ടി പ്രോഗ്രാം

### ഉൽഘാടന പരിപാടി

തുടർന്ന് ഹുദൂർ വേദിയിലെത്തി പരിപാടിക്ക് ആരംഭം കുറിച്ചു. എല്ലാ നാളിമുമാരും അവരുടെ സഹായികളോടൊപ്പം വരിവരിയായി ഇരുന്നിരുന്നു. അഫ്സർ ജൽസാസാലാന, അഫ്സർ ജൽസാ ഗാഹ്, അഫ്സർ ഖിദ്മത്തെ ഖൽഖ് എന്നിവർക്കു പുറമെ ഡെപ്യൂട്ടി അഫ്സർമാർ 14 പേരുണ്ടായിരുന്നു.നാളിമീൻ 70ഉം ഇവരുടെ നാഇബുമാർ 251 പേരുമാണ്. മുൻതളിമുമാർ 506ഉം നാഇബുമാർ 7073 പേരുമാണ്.പ്രത്യേക നാഇബുമാർ 7 പേരായിരുന്നു. ഇപ്രകാരം ആകെ 7924 ഖുദ്ദാമും മറ്റും ഉൾക്കൊള്ളുന്ന ആളുകൾ അവരുടെ ചുമതലകൾ നിറവേറ്റാൻ സന്നിഹിതരായിരുന്നു.

അസീസം ഉവയ്സ് അഹ്മദ് മലിക്കിന്റെ തിലാവത്തോടുകൂടി പരിപാടികൾ ആരംഭിച്ചു. ഇതിന്റെ പാരായണം ചെയ്യപ്പെട്ട വിശുദ്ധ ഖുർആൻ വചനങ്ങളുടെ ഉർദു, ജർമൻ തർജമ കേൾപ്പിക്കപ്പെട്ടു. 9.13–ന് ഹുദൂർ സദസ്സിനെ അഭിസംബോധന ചെയ്തു.

### ഹുദൂർ അൻവറിന്റെ പ്രഭാഷണം

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ എന്നിവക്കു ശേഷം ഹുദൂർ അൻവർ പറഞ്ഞു: നാളെ മുതൽ ഇൻശാ അല്ലാഹ് ജർമനി അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസാസാലാന ആരംഭിക്കുകയാണ്. ജൽസക്ക് ആഴ്ചകൾക്കു മുമ്പേതന്നെ നിങ്ങൾ പ്രവൃത്തികളാരംഭിച്ചു കഴിഞ്ഞിരുന്നു. എന്നല്ല, ചില വകുപ്പുകൾ മാസങ്ങൾക്കു മുമ്പേതന്നെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഞാൻ മുമ്പേയും പല പ്രാവശ്യം പറഞ്ഞിട്ടുള്ളതുപോലെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജർമനി ഉൾപ്പെടെയുള്ള വലിയ വലിയ ജമാഅത്തുകളിലെ പ്രവർത്തകർ വളരെ എളുപ്പത്തിൽ കുറഞ്ഞ സമയംകൊണ്ട് വലിയ വലിയ കാര്യങ്ങൾ നിർവഹിക്കാൻ സാധിക്കുംവിധം പരിശീലനം നേടിക്കഴിഞ്ഞിരിക്കുന്നു. ഇപ്രാവശ്യം ചില തടസ്സങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു. അവസാന നിമിഷങ്ങളിൽ മാത്രമേ ഈ ഹാൾ ലഭിക്കുകയുള്ളൂ എന്നാണ് എന്നോട് പറഞ്ഞത്. 36 മണിക്കൂറിനുള്ളിൽ ഇത് തയ്യാറാക്കേണ്ടതുണ്ട്.അഫ്സർ ജൽസാ ഗാഹിനെ ഇത് വളരെ വിഷമവൃത്തത്തിലാക്കിയിരുന്നു. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ ധൈര്യത്തോടെ പ്രവർത്തകരും മറ്റു ടീമുകളും കമ്പനിക്കാരും ചേർന്ന് ഈ പ്രവൃത്തി പൂർത്തിയാക്കി.

ഇന്ന വ്യക്തി നമ്മുടെ സേവകരിലെ ജിന്നാണ് എന്ന് പറയപ്പെടുന്ന ഒരു കാലമുണ്ടായിരുന്നു. വലിയ വലിയ പ്രവൃത്തികളും അവർ ചെയ്തിരുന്നു. ഇപ്പോൾ ഞാൻ കാണുന്നത് ഇവിടേയും യൂ.കെ.യിലും മറ്റു ചില സ്ഥലങ്ങളിലും അല്ലാഹുതആല ജിന്നുകളുടെ സൈനിക വ്യൂഹം തന്നെ ജമാഅത്തിനു നല്കിയിരിക്കുന്നു എന്നതാണ്. അഹ്മദിയല്ലാത്ത ഊഹാപോഹങ്ങളിൽ വിശ്വസിക്കുന്ന ചിലർ എന്റെ വാക്ക് കേട്ട് ഒരു പക്ഷേ, ജൽസാഗാഹിൽ ജിന്നുകളാണ് ചുറ്റിക്കറങ്ങുന്നതെന്നും അവർക്ക് ദോഷം വരുത്തിവെച്ചേക്കുമെന്നുമുള്ള വിചാരം പുലർത്തിയേക്കും. എന്നാൽ, നമ്മുടെ ജിന്നുകൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രയോജനം എത്തിക്കുന്ന ജിന്നുകളാണ്. അല്ലാഹുവിന്നു വേണ്ടി പ്രവർത്തിക്കുന്നവരാണ്. അവനുവേണ്ടി എന്തു ത്യാഗവും വരിക്കാൻ തയ്യാറായിട്ടുള്ളവരാണ്. ചിലർക്ക് ഒരുവിധ ടെക്നിക്കൽ പിന്തുണയും ഇല്ലാതിരുന്നിട്ടും അല്ലെങ്കിൽ എത്ര മാത്രം കഴിവും സാമർഥ്യവും ആവശ്യമാണോ അത്രയും ഇല്ലാതിരുന്നിട്ടും അത്യുത്സാഹത്തോടെ ജോ ലികൾ ചെയ്യുന്നു. ഇത് നിങ്ങളുടെ മേലുള്ള അല്ലാഹുവിന്റെ ഔദാര്യമാണ്; അല്ലാഹു സഹായിക്കുന്നു. മറ്റുള്ളവർ സ്പെഷ്യലിസ്റ്റുകളെ വിളിച്ച് വലിയ തുകകൾ ചെലവഴിച്ച് നടപ്പിൽ വരുത്തുന്ന കാര്യങ്ങൾ നമ്മുടെ നിസ്സാരരായ പ്രവർത്തകരെക്കൊണ്ട്, വളരെ കുറഞ്ഞ ചെലവിൽ നിർവഹിക്കാനുള്ള ഭാഗ്യം അല്ലാഹു നല്കുന്നു. ഇത് അല്ലാഹുവിന്റെ നന്ദി പ്രകടനമാണ്. ഉന്നതനായ അല്ലാഹുവിന്റെ ഔദാര്യമാണ്. ഇതിന്റെ നന്ദി നമ്മളിൽ ഓരോരുത്തരും പ്രകടിപ്പിക്കേണ്ടതാണ്. നമുക്ക് ഇങ്ങനെ ചെയ്യാനുള്ള ഭാഗ്യം തരുന്നതിന് അല്ലാഹുവിനോടു നമ്മൾ നന്ദികാണിക്കേണ്ടതാണ്. ജമാഅത്തിനുവേണ്ടി നമ്മൾ നമ്മുടെ സമയവും കഴിവുകളും ചെലവഴിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും ജൽസയുടെ ഈ മൂന്ന് ദിനങ്ങളിലും ഇതിനുശേഷം ഇത് വൈന്റപ്പ് ചെയ്യുമ്പോഴും നല്ല നിലയിൽ കാര്യങ്ങൾ നടത്താൻ അവസരം നല്കുമാറാകട്ടെ. ഒരു തരത്തിലുമുള്ള ബുദ്ധിമുട്ടും ഇല്ലാതെ ഇത് വൈന്റപ്പ് ചെയ്യാനും സാധിക്കുമാറാകട്ടെ. ഇതിനു വേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള ടീമുകൾക്കും ഇതിനുള്ള ഭാഗ്യം നല്കുമാറാകട്ടെ.

ഈ ദിനങ്ങളിൽ ഞാൻ എപ്പോഴും ഓർമിപ്പിക്കാറുള്ളതാണ്, ഇപ്പോൾ വീണ്ടും ഓർമിപ്പിക്കുകയാണ്, ജോലിത്തിരക്കു കാരണത്താൽ നമ്മുടെ നമസ്കാരങ്ങൾ മാപ്പായിരിക്കുന്നു എന്നാരും മനസ്സിലാക്കരുത്. സമയത്ത് നമസ്കരിക്കാൻ എല്ലാ പ്രവർത്തകരും ശ്രമിക്കേണ്ടതാണ്. ഓഫീസർമാരും ഡെപ്യൂട്ടിചെയ്യുന്നവരും ഇക്കാര്യം ഉറപ്പു വരുത്തുക. എല്ലാ സഹായികളും ഖുദ്ദാമും സമയത്ത് നമസ്കരിക്കുന്നതായും ഉറപ്പു വരുത്തുക. രണ്ടാമത്തെ കാര്യം സൽപെരുമാറ്റമാണ്. സൽപെരുമാറ്റവുമായി ബന്ധപ്പെട്ട് നിങ്ങൾ മറന്നു പോകാത്തവിധം ഞാൻ ഊന്നി പറയേണ്ടതുണ്ട്. പൊതുവെ ഈ നിലവാരം നല്ല നില പ്രാപിച്ചിട്ടുണ്ട്. എന്നാൽ, ഇവിടെ പുരുഷന്മാരുടെ ഹാളിലും സ്ത്രീകളുടെ ഹാളിലും മറ്റു ഡ്യൂട്ടികൾ നിർവഹിക്കുന്നവരും ഭക്ഷണം നല്കുന്നവരും ആതിഥേയ ഡ്യൂട്ടിയിലുള്ളവരും ശുചീകരണ പ്രവൃത്തികളിലുള്ളവരും ശുചിമുറികളും മറ്റും വൃത്തിയാക്കുന്നവരും ഏതെങ്കിലും തരത്തിൽ തർബിയ്യത്തുമായി ബന്ധപ്പെട്ടവരും അച്ചടക്കവുമായി ബന്ധപ്പെട്ട് ഡ്യൂട്ടി ചെയ്യുന്നവരും ഇവരിൽപെട്ട ആരെങ്കിലുമെക്കെ ചിലരോട് അതിരുകടന്നു പോകാറുണ്ട്. ചിലർ പ്രായം ചെന്ന സ്ത്രീകളോട് നല്ലരീതിയിൽ പെരുമാറാതെ വരുന്നതായും കാണാറുണ്ട്.

അത്തരം നിർബന്ധ സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്. ചിലപ്പോൾ തിരക്കും കൂടുന്നു. ശുചിമുറികളുംഉണ്ടാകുകയില്ല.അപ്പോൾഡ്യൂട്ടിയിലുള്ളവർ നിർബന്ധിത സാഹചര്യത്തിലായിപ്പോകും. എന്നാൽ, ഏതെങ്കിലും അതിഥി ദ്വേഷം പ്രകടിപ്പിക്കുകയാണെങ്കിൽ നിങ്ങൾ സൽപ്പെരുമാറ്റമാണ് കാണിക്കേണ്ടത്. ഒരാളോടും മോശമായി സംസാരിക്കരുത്. ഇപ്രകാരം അയാളുടെ മനസ്സിന് പ്രയാസമുണ്ടാകും.

നമ്മൾ ജൽസക്കുമുമ്പേ എത്രമാത്രം ആവേശത്തോടും സന്തോഷത്തോടുംകൂടി ഡ്യൂട്ടി നിർവഹിച്ചോ വിവിധ വകുപ്പിനുകീഴിൽ പ്രവൃത്തിച്ചോ ഈ ജൽസയുടെ സംവിധാനം എളുപ്പത്തിലാക്കാനും സമയത്ത് അവസാനിപ്പിക്കാനും പരിശ്രമിച്ചോ അതേപോലെ ക്ഷീണവും ചില നിർബന്ധിത സാഹചര്യങ്ങളും ഉണ്ടായാലും സൽപെരുമാറ്റത്തിലൂടെ ബാക്കിയുള്ള ദിനങ്ങളും കഴിച്ചു കൂട്ടേണ്ടതാണ്. അതിഥികളോട് സൽസ്വഭാവത്തോടെ പെരുമാറേണ്ടതാണ്.എല്ലാ ഓരോരുത്തരോടും ഏറ്റവും നല്ല നിലയിൽ പെരുമാറുക. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും ഇതിന്നുള്ള ഭാഗ്യം നല്കുമാറാകട്ടെ. ഇനി ദുആ ചെയ്യുക.

അതിനുശേഷം ഹുദൂർ ദുആ ചെയ്തു. ഹുദൂറിന്റെ ഈ പ്രഭാഷണം 9.22 വരെ നീണ്ടു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ 10.00മണിക്ക് ജൽസാ ഗാഹിലെത്തി മഗ്രിബ്–ഇശാ ജംആക്കി നമസ്കരിപ്പിച്ചു.(തുടരും)

നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

1800 3010 2131

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

(പേജ് 2ൽനിന്ന്)

കാര്യങ്ങളും അല്ലാഹുവിന്റെ ദൂതന്മാർ മുഖേനയാണ് മനുഷ്യന് ലഭിച്ചിട്ടുള്ളത്. അപ്പോൾ ഏകദൈവത്തിൽ അഥവാ തൗഹീദിൽ വിശ്വസിക്കുകയും ദൂതന്മാരെ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവനും മോക്ഷത്തിന്നർഹനാണെന്ന ധാരണ എത്രമാത്രം നിരർഥകമാണ്. ബുദ്ധിക്ക് അന്ധത ബാധിച്ചവരേ, അറിവില്ലാത്തവരെ, റസൂൽമാർ മുഖേനയല്ലാതെ എങ്ങനെയാണ് തൗഹീദ് ലഭിക്കുക? പകലിനെ വെറുക്കുകയും അതിൽ നിന്നോടുകയും, എന്നിട്ട് എനിക്ക് സൂര്യൻമാത്രം മതി പകലിന്റെ ആവശ്യമില്ല എന്ന് പറയുകയും ചെയ്യുന്നവനെപ്പൊലെയാണത്. സൂര്യൻ ഒരിക്കലും പകലിൽനിന്ന് വേറിട്ടതല്ലെന്ന കാര്യം പോലും ആ വിഡ്ഢി അറിയുന്നില്ല. അഹോ കഷ്ടം, അല്ലാഹുവിന്റെ അസ്തിത്വം മറഞ്ഞതിൽ മറഞ്ഞതും അദൃശ്യത്തിൽ അദൃശ്യവും പിന്നിന്റെ പിന്നിലുള്ളതുമാണെന്ന് ഈ വിഡ്ഢിക്കും അവനെ അന്വേഷിച്ചുകണ്ടെത്താനും സാധ്യമല്ല. അവൻ പറയുന്നു. ദൃഷ്ടിയും ബുദ്ധിയും അവനെ പ്രാപിക്കുകയില്ല. എന്നാൽ, അവൻ അവയുടെ അങ്ങേയറ്റംവരെ അറിയുന്നു. അവൻ അവയുടെമേൽ അധിപനുമാണ്. അവന്റെ തൗഹീദ് കേവലം ബുദ്ധി കൊണ്ട് മനസ്സിലാക്കുക അസംഭവ്യമാകുന്നു. കാരണം തൗഹീദിന്റെ യാഥാർഥ്യമെന്നു പറയുന്നത് ലോകത്തുള്ള എല്ലാ നിരർഥകദൈവങ്ങളിൽനിന്നുമുള്ള അകൽച്ചയാണ്, ബിംബങ്ങൾ, മനുഷ്യർ, സൂര്യൻ, ചന്ദ്രൻ തുടങ്ങിയ സാങ്കല്പിക ദൈവങ്ങളിൽ നിന്നുള്ള പിൻമാറ്റം. അതുപോലെതന്നെ ആന്തരികമായ ബിംബങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കേണ്ടതാണ്. അതായത്, തന്റെ ആത്മീയവും ഭൗതികവുമായ കഴിവുകളെ ശരണം പ്രാപിക്കുകയും അതു പൊങ്ങച്ചത്തിന്റെ വിപത്തിൽ അകപ്പെടുകയും ചെയ്യുന്നതിൽനിന്ന് സ്വയംതന്നെ രക്ഷിക്കേണ്ടതാണ്. അഹങ്കാരം ഉപേക്ഷിക്കാതെയും റസൂലിന്റെ കോന്തല പിടിക്കാതെയും പരിപൂർണ തൗഹീദ് ലഭ്യമല്ലെന്നതാണ് വസ്തുത. തന്റെ ഏതെങ്കിലും ഒരു ശക്തിയെ അല്ലാഹുവിന്റെ ശക്തിക്ക് സമമായി കരുതുന്നവനെ എങ്ങനെയാണ് തൗഹീദ് വിശ്വാസി എന്നുപറയാൻ കഴിയുക. ഇക്കാരണത്താലാണ് പരിപൂർണമായ തൗഹീദിനെ വിശുദ്ധഖുർആൻ റസൂലിനെ പിൻപറ്റുന്നതുമായി എല്ലായിടത്തും ബന്ധപ്പെടുത്തി പറഞ്ഞിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ, പരിപൂർണമായ തൗഹീദ് പുതിയൊരു ജീവിതമാണ്. അല്ലാഹുവിന്റെ റസൂലിനെ പിൻപറ്റിക്കൊണ്ട് തന്റെ തരംതാണ ജീവിതത്തിന്മേൽ മരണം വരിക്കാതെ മോക്ഷം ലഭിക്കുകയില്ല. ഇങ്ങനെയല്ലാതെ ആ ഭോഷന്മാരുടെ വാക്കു കേട്ടാൽ വിശുദ്ധഖുർആനിൽ വൈരുദ്ധ്യമുണ്ടെന്ന് സമ്മതിക്കേണ്ടിവരും. കാരണം, റസൂൽ മുഖേനയല്ലാതെ തൗഹീദ് ലഭിക്കുകയില്ലെന്നും മോക്ഷം പ്രാപിക്കാൻ സാധ്യമല്ലെന്നും ഒരു ഭാഗത്ത് അതു പറയുമ്പോൾ മറുഭാഗത്ത് റസൂൽ മുഖേനയല്ലാതെയും അതു ലഭിക്കുമെന്നും അതു പറയുന്നു! സത്യത്തിൽ തൗഹീദിനെയും മോക്ഷത്തിന്റെ സൂര്യനെയും പ്രദർശിപ്പിക്കുന്ന വ്യക്തി റസൂൽ മാത്രമാണ്. അദ്ദേഹത്തിന്റെ പ്രകാശത്താലാണ് തൗഹീദ് പ്രകടമാകുന്നത്. ചുരുക്കത്തിൽ അവർ പറയുന്നതുപോലുള്ള വൈരുദ്ധ്യം അല്ലാഹുവിന്റെ കലാമിൽ ബന്ധപ്പെടുത്താൻ സാധ്യമാവുകയില്ല.

തൗഹീദിന്റെ യാഥാർഥ്യത്തെ ഒട്ടും മനസ്സിലാക്കിയില്ല എന്നതാണ് ആ അജ്ഞൻ ചെയ്ത വലിയ തെറ്റ്. തൗഹീദ് ഒരു ജ്യോതിസ്സാണ്. ആന്തരികവും ബാഹ്യവുമായ എല്ലാ ബിംബങ്ങളെയും അകറ്റിയതിനുശേഷമേ അത് ഹൃദയത്തിൽ ജന്മം കൊള്ളുകയുള്ളൂ. ശരീരത്തിന്റെ ഓരോ അണുവിലും അത് കടന്നുചെല്ലും. അപ്പോൾ അല്ലാഹുവും അവന്റെ റസൂലും കൂടാതെ സ്വന്തം കഴിവുകൊണ്ടു മാത്രം അതെങ്ങനെ ലഭിക്കാനാണ്. തന്റെ പൊങ്ങച്ചത്തിന്റെമേൽ മരണം വരുത്തുകയെന്നതും അറിവാണെന്ന നാട്യം ഉപേക്ഷിച്ച് അജ്ഞനെപ്പോലെ, തന്നെ കാണുക എന്നതും ദുആ ചെയ്യുക എന്നതുമല്ലാതെ മനുഷ്യനെക്കൊണ്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമോ? അങ്ങനെ ചെയ്യുമ്പോൾ തൗഹീദിന്റെ പ്രകാശം അല്ലാഹുവിൽനിന്ന് അവനിൽ ഇറങ്ങുകയും പുതിയൊരു ജീവിതം അവന് നൽകപ്പെടുകയും ചെയ്യും.

വിശുദ്ധഖുർആനിൽ കുലങ്കഷമായി ചിന്തിക്കുമ്പോൾ മനസ്സിലാകുന്ന അർഥത്തെ – അല്ലാഹു എന്ന പദത്തിൽ, 'വിശുദ്ധ ഖുർആൻ അയച്ചതും, നബി(സ) തിരുമേനിയെ നിയോഗിച്ചതുമായ ആ ഉണ്മയാണവൻ എന്ന് അടങ്ങിയിരിക്കുന്നു' എന്ന അർഥത്തെ അവഗണിച്ചുകൊണ്ട് അല്ലാഹു എന്ന പദം ഒരു സാധാരണ അർഥം ഉൾക്കൊള്ളുന്നതാണെന്നും അതിന്റെ അർഥം ദൈവമെന്നാണെന്നുമുള്ള നമ്മുടെ എതിരാളികളുടെ വാദം താൽക്കാലികമായ നിലയിൽ അംഗീകരിച്ചാലും ഈ വചനം എതിരാളികൾക്ക് ഒട്ടും ഫലം ചെയ്യുകയില്ലെന്ന കാര്യവും അവസാനമായി വിവരിക്കേണ്ടത് അത്യാവശ്യമാണെന്ന് നാം മനസ്സിലാക്കുന്നു. കാരണം അതിന്റെ ഉദ്ദേശ്യം കേവലം അല്ലാഹുവിലുള്ള വിശ്വാസം മോക്ഷപ്രാപ്തിക്ക് മതിയായതാണെന്നല്ല. മറിച്ച് ദൈവത്തിന്റെ ഏറ്റവും വലിയ നാമത്തിലും, പരിപൂർണമായ എല്ലാ സവിശേഷഗുണങ്ങളുടേയും സമ്മേളനകേന്ദ്രമായ അ ല്ലാഹുവിലും ആരാണോ വിശ്വസിക്കുന്നത് അയാളെ അല്ലാഹു നഷ്ടത്തിലാക്കുന്നത് അയാളെ അല്ലാഹു നഷ്ടത്തിലാക്കുകയില്ല എന്നാണിതിന്റെ ഉദ്ദേശ്യം. മെല്ലെ മെല്ലെ അവനെ ഇസ്‌ലാമിലേക്ക് കൊണ്ടുവരും. എന്തുകൊണ്ടെന്നാൽ ഒരു സത്യം മറ്റൊരു സത്യത്തിൽ പ്രവേശിക്കുന്നതിന് സഹായിയാണ്. അല്ലാഹുവിൽ ആത്മാർഥമായി വിശ്വസിക്കുന്നവർ അവസാനം സത്യത്തെ പ്രാപിക്കുന്നു.

സത്യഹൃദയത്തോടെ ആരാണോ അല്ലാഹുവിൽ വിശ്വസിക്കുന്നത് അവരെ അല്ലാഹു നഷ്ടത്തിലാക്കുകയില്ലെന്നും, സത്യം അവർക്ക് തുറന്നുകൊടുക്കുമെന്നും, അവർക്ക് നേരായമാർഗം കാണിച്ചുകൊടുക്കുമെന്നും വിശുദ്ധഖുർആനിൽ വാഗ്ദാനവുമുണ്ട്. അല്ലാഹു പറയുന്നു:

അല്ലാഹുവിൽ വിശ്വസിക്കുന്നവർ നഷ്ടത്തിലാകുകയില്ലെന്നും, അവസാനം അല്ലാഹു സമ്പൂർണ സന്മാർഗം അവന് പ്രദാനം ചെയ്യുമെന്നുമാണ് ഈ ആയത്തിന്റെ അർഥം. സൂഫിവര്യന്മാർ ഇതിന് നിരവധി ഉദാഹരണങ്ങളെഴുതിയിട്ടുണ്ട്. അന്യസമുദായത്തിൽപ്പെട്ട ആളുകൾ പൂർണആത്മാർഥതയോടെ അല്ലാഹുവിൽ വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തപ്പോൾ അവരുടെ ആത്മാർഥതയ്ക്ക് പ്രതിഫലമെന്നോണം അല്ലാഹു അവരുടെ കണ്ണുകൾ തുറക്കുകയും തന്റെ പ്രത്യേക സഹായംകൊണ്ട് നബി(സ)തിരുമേനിയുടെ സത്യത അവരിൽ പ്രകടമാക്കുകയും ചെയ്തു. ഈ ആയത്തിൽ വന്ന അവസാനഭാഗത്തിന്റെ അർഥം ഇതുതന്നെയാണ്.

അല്ലാഹുവിന്റെ പ്രതിഫലം ഭൂമിയിൽ പ്രകടമാകാത്തിടത്തോളം പരലോകത്തും പ്രകടമാകുകയില്ല. ഈ ലോകത്ത് അല്ലാഹുവിൽ വിശ്വസിക്കുന്നവർക്ക് അല്ലാഹു സമ്പൂർണ്ണമായ സന്മാർഗം പ്രതിഫലമായി നല്കുന്നു. അവരെ നഷ്ടത്തിലാക്കുകയില്ല. അതിലേക്കാണ്.

എന്ന വചനം സൂചന നൽകുന്നത്. യഥാർഥ വിശ്വാസികളായ ഗ്രന്ഥാനുസാരികൾ സത്യഹൃദയത്തോടെ അല്ലാഹുവിലും അവന്റെ ഗ്രന്ഥങ്ങളിലും വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്താൽ അവർ അവസാനം ഈ നബിയിലും വിശ്വസിക്കുന്നതാണ്. അങ്ങനെതന്നെയാണ് ഉണ്ടായിട്ടുള്ളതും. എന്തായാലും, ദുഷ്ടരായ ആളുകൾ– ഇവരെ ഗ്രന്ഥാനുസാരികൾ എന്ന് പറയാതിരിക്കേണ്ടതാണ്– അവർ വിശ്വസിക്കുകയില്ല. മുകളിൽ പറഞ്ഞ കാര്യത്തിന് ഇസ്‌ലാമിക ചരിത്രത്തിൽ ധാരാളം ഉദാഹരണങ്ങൾ കാണാം. അതിൽനിന്ന്, ആരെങ്കിലും ഒരു അണുത്തൂക്കം നന്മ ചെയ്താലും അതിന്റെ ഫലമായി ഇസ്‌ലാമിൽ അവനെ പ്രവേശിപ്പിക്കുന്നതാണെന്ന് മനസ്സിലാകുന്നു. അത്രമാത്രം ഉദാരനും കരുണാമയനുമാണവൻ. ഒരു ഹദീസിൽ വന്നിരിക്കുന്നു. ഒരു സ്വഹാബി, നബി(സ) തിരുമേനിയോടു ചോദിച്ചു: 'അവിശ്വാസത്തിലായിരുന്നപ്പോൾ അല്ലാഹുവിന്റെ തൃപ്തിക്കായി ധാരാളം ധനം ഞാൻ അഗതികൾക്ക് കൊടുത്തിട്ടുണ്ട്. അതിന്റെ പ്രതിഫലവും എനിക്ക് ലഭിക്കുമോ? അവിടന്നു പറഞ്ഞു: 'ആ ദാനധർമ്മങ്ങളാണ് ഇസ്‌ലാമിലേക്ക് നിന്നെ വലിച്ചുകൊണ്ടുവന്നത്' ഇതേപ്രകാരം അന്യമതത്തിലുള്ള ആരെങ്കിലും അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി കരുതുകയും അവനെ സ്നേഹിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ 'ഫലഹും അജ്റുഹും ഇൻദറബ്ബിഹിം' എന്ന വചനമനുസരിച്ച് അവസാനം അയാളെ ഇസ്‌ലാമിൽ പ്രവേശിപ്പിക്കുന്നു. അല്ലാഹു ഇങ്ങനെയാണ് ബാബാനാനക്കിനോടു ചെയ്തത്. അദ്ദേഹം ആത്മാർഥതയോടെ ബിംബാരാധന ഉപേക്ഷിക്കുകയും, തൗഹീദ് സ്വീകരിക്കുകയും, അല്ലാഹുവിനെ സ്നേഹിക്കുകയും ചെയ്തപ്പോൾ 'ഫലവും അജ്റുഹും ഇൻദറബ്ബിഹിം' എന്നു പറഞ്ഞ അതേ അല്ലാഹു അദ്ദേഹത്തിൽ വെളിപ്പെട്ടു. തന്റെ ഇൽഹാം മുഖേന ഇസ്‌ലാമിലേക്ക് അദ്ദേഹത്തെ നയിച്ചു. അങ്ങനെ അദ്ദേഹം മുസൽമാനായി. ഹജ്ജ് കർമവും നിർവഹിച്ചു.

'ബഹറുൽ ജവാഹിർ' എന്ന ഗ്രന്ഥത്തിലെഴുതിയിരിക്കുന്നു: അബുൽ ഖയ്ർ എന്നു പേരുള്ള ഒരു യഹൂദി ഉണ്ടായിരുന്നു. സന്മാർഗിയും സാ

## ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതു കൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)*

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

## ഹദീസുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു:
'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ്
ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'
(തിർമുദി)

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 23 July 2020 Issue-30

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

തികനുമായിരുന്നു അദ്ദേഹം. അല്ലാഹു ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. അദ്ദേഹം ഒരു ദിവസം ചന്തയിൽപ്പോകുമ്പോൾ പള്ളിയിൽനിന്ന് ഒരു കുട്ടിയുടെ ഖുർആൻ പാരായണം കേട്ടു.


'ഞങ്ങൾ വിശ്വസിച്ചുവെന്ന് പറയുന്നതുകൊണ്ടുമാത്രം വെറുതെയങ്ങു മോക്ഷം കിട്ടുമെന്ന് ജനങ്ങൾ കരുതുന്നുണ്ടോ? യഥാർഥ വിശ്വാസികളെപ്പോലെയുള്ള സമ്പൂർണ സ്ഥിരതയും കൂറും അവരിലുണ്ടോ എന്നറിയാൻ അവർ ദൈവമാർഗത്തിൽ ഇതുവരെ പരീക്ഷിക്കപ്പെട്ടിട്ടില്ല.'

ഈ ആയത്ത് അബുൽ ഖയ്റിന്റെ ഹൃദയത്തെ വല്ലാതെ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ ഹൃദയത്തെ അലിയിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം പള്ളിയുടെ ഭിത്തിയോടു ചേർന്നു നിന്ന് ഏങ്ങലടിച്ചു കരഞ്ഞുപോയി. രാത്രിയിൽ സയ്യിദുനാ വ മൗലാനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യെ അദ്ദേഹം സ്വപ്നത്തിൽ കണ്ടു. നബി(സ)പറഞ്ഞു: 'അബുൽഖയ്റേ! നിന്നെപ്പോലുള്ള ഉദാരതയും അന്തസ്സുമുള്ള ആൾ എന്റെ പ്രവാചകത്വത്തെ നിഷേധിക്കുന്നതിൽ എനിക്ക് അത്ഭുതം തോന്നുന്നു.' നേരം വെളുത്തുടനെ അബുൽഖയ്ർ ഇസ്ലാംമതം സ്വീകരിച്ചു. തന്റെ വിശ്വാസം പ്രഖ്യാപിക്കുകയും ചെയ്തു.

ഇനി അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്ന ആളെ നരകത്തിൽനിന്ന് എന്തായാലും അല്ലാഹു രക്ഷിക്കും. എന്നാൽ അന്ധന് മോക്ഷം നല്കുകയില്ല എന്നു പറയുന്നതും എനിക്കൊട്ടുംതന്നെ മനസ്സിലാക്കാൻ കഴിയുന്നില്ല. സത്യത്തിൽ മോക്ഷത്തിന്റെ വേരാണ് മഅ്രിഫത്ത് അഥവാ അല്ലാഹുവിനെപറ്റിയുള്ള രഹസ്യജ്ഞാനം. അല്ലാഹു പറയുന്നു:

'ഈ ലോകത്ത് അന്ധനായിട്ടുള്ളവൻ പരലോകത്തും അന്ധൻ തന്നെയായിരിക്കും. അല്ലെങ്കിൽ അതിനെക്കാൾ താണവൻ. അല്ലാഹുവിന്റെ റസൂൽമാരെ തിരിച്ചറിയാത്തവൻ അല്ലാഹുവിനെയും തിരിച്ചറിഞ്ഞില്ല എന്നതാണ് സത്യം. അല്ലാഹുവിന്റെ മുഖത്തിന്റെ കണ്ണാടി അവന്റെ റസൂലാണ് ഓരോരുത്തരും അല്ലാഹുവിനെ കാണുന്നത് ആ കണ്ണാടിയിലൂടെയാണ്. ഒരാൾ തന്റെ ആയുസ്സുമുഴുവൻ നബി(സ) തിരുമേനിയെ കള്ളനായിക്കാണുകയും നിഷേധിച്ചുകൊണ്ടിരിക്കുകയും വിശുദ്ധഖുർആനെ അവഗണിക്കുകയും ചെയ്തു. അല്ലാഹു അയാൾക്ക് കണ്ണുകൾ നല്കിയില്ല. ഹൃദയവും നല്കിയില്ല. അയാൾ ലോകത്ത് അന്ധനായിക്കഴിഞ്ഞു. അന്ധനായിത്തന്നെ മരിക്കുകയും ചെയ്തു. എന്നിട്ടും അയാൾ മോക്ഷം പ്രാപിച്ചു! ഇത് എത്തരത്തിലുള്ള മോക്ഷമാണ്. ഇതൊരു വിചിത്രമായ മോക്ഷം തന്നെ. അല്ലാഹു ആരിലാണോ കരുണ ചൊരിയാനാഗ്രഹിക്കുന്നത് അവന് ആദ്യമെ കണ്ണുകൾ നല്കുന്നതായി നാം കാണുന്നു. തന്നിൽനിന്ന് അറിവു പ്രദാനം ചെയ്യുന്നു. സ്വപ്നങ്ങളോ ഇൽഹാമോ മുഖേന നമ്മുടെ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള നൂറു കണക്കിന്നാളുകൾ നമ്മുടെ ജമാഅത്തിലുണ്ട്. കരുണയാൽ വിശാലമാണ് അല്ലാഹുവിന്റെ അസ്തിത്വം. ഒരു ചുവട് ആരെങ്കിലും അവനിലേക്ക് വെച്ചാൽ അവൻ അവരിലേക്ക് രണ്ടു ചുവട്വയ്ക്കുന്നു. അവനിലേക്ക് വേഗത്തിൽ നടക്കുന്നവരുടെ അരികിൽ അവൻ ഓടിവരുന്നു. അവരുടെ കണ്ണുകൾ തുറക്കുന്നു. അപ്പോൾ, ഒരാൾ അല്ലാഹുവിൽ വിശ്വസിക്കുകയും സത്യഹൃദയത്തോടെ അവനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുകയും, അവനെ സ്നേഹിക്കുകയും അവന്റെ ഇഷ്ടദാസരിൽ പ്രവേശിക്കുകയും ചെയ്തിട്ട്, അവനെ അന്ധനായിതന്നെ നിലനിർത്തുകയും അല്ലാഹുവിന്റെ നബിയെ തിരിച്ചറിയാനൊക്കാത്ത നിലയിൽ അന്ധനായിതന്നെ വിടുകയും ചെയ്യുമെന്ന് എങ്ങനെ അംഗീകരിക്കാനാണ്? റസൂലിനെ തിരിച്ചറിയാത്തവനാണ് അന്ധൻ എന്നതിനെ പിന്താങ്ങുന്നതാണ് ഈ ഹദീസ്.

കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാത്തവൻ ജാഹിലിയ്യത്തിന്റെ മരണം വരിക്കുകയും നേരായ മാർഗപ്രാപ്തിയിൽനിന്ന് ദൗർഭാഗ്യവാനാകുകയും ചെയ്തു. (സത്യദൂതൻ 1998 ഡിസംബർ)(അവസാനിച്ചു)




മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മർക്കസിയ റബ്വ 1970ൽ പ്രസിദ്ധീകരിച്ച യാദ് രഖ്നേ കി ബാത്തേം എന്ന കൊച്ചുകൃതി **"ഓർത്തിരിക്കേണ്ട കാര്യങ്ങൾ"** എന്ന പേരിൽ മർഹൂം ജനാബ് എൻ.കുഞ്ഞി അഹ്മദ് മാസ്റ്റർ സാഹിബ് പരിഭാഷപ്പെടുത്തിയത് പഴയങ്ങാടി ലജ്ന ഇമാഇല്ലാഹ് പുനപ്രസിദ്ധീകരിച്ചിരിക്കുകയാണ്. കുട്ടികൾക്കും മുതിർന്നവർക്കു പോലും വളരെ പ്രയോജനം ചെയ്യുന്ന പാഠങ്ങളാണ് ഈ കൊച്ചു പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത്.

## ഹദീഥുന്നബ്വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്ലിം)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

**(പേജ് 1ൽനിന്ന്)**

ഇതാണ് എഴുതിയിട്ടുള്ളത്: *ഫമൻ യ്യഅ്മൽ മിഥ്ഖാല ദർറത്തിൻ ഖയ്റൻയ്യറഹു*(അസ്സിൽസാൽ:8). ഇനി ഇതിന്റെ ഫലം എന്തായിരിക്കുമെന്ന് നി ങ്ങൾ സ്വയം ചിന്തിക്കുക. മനുഷ്യൻ കർമങ്ങളുടെ ആവശ്യം അനുഭവിച്ചറിയുകയും നന്മകൾ ചെയ്യാൻ ശ്രമിക്കുകയും ചെയ്യുമെന്നു തന്നെ. ഇതിന്നെതിരിൽ അവനോടു കർമങ്ങൾകൊണ്ട് മോക്ഷം പ്രാപിക്കുകയില്ലെന്ന് പറയുമ്പോൾ ഈ സിദ്ധാന്തം മനുഷ്യന്റെ ധൈര്യത്തേയും പരിശ്രമത്തേയും കുറയ്ക്കുന്നതായിരിക്കും. അ വനെ തികച്ചും നിരാശനാക്കി അവലംബഹീനനാക്കിത്തീർക്കുന്നതായിരിക്കും. ഇതിൽനിന്ന് ഇങ്ങനേയും മനസ്സിലാകുന്നുണ്ട്, പാപപരിഹാര സിദ്ധാന്തം മാനുഷികമായ കഴിവുകളേയും അപമാനിക്കുന്നു. കാരണം അല്ലാഹു മനുഷ്യന്റെ ശക്തികളിൽ ഒരു അഭിവൃദ്ധിയുടെ ബീജം വെച്ചിട്ടുണ്ട്. പക്ഷേ, പാപപരിഹാരസിദ്ധാന്തം അവനെ അഭിവൃദ്ധിയിൽനിന്ന് തടയുന്നു. ഇപ്പോൾ ഞാൻ പറയുകയുണ്ടായി, പാപപരിഹാര സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവരുടെ സ്വതന്ത്രമായ അവസ്ഥകളും കടിഞ്ഞാൺ ഇല്ലായ്മയും കാണുമ്പോൾ, ഇതേ സിദ്ധാന്തം കാരണത്താലാണ് ആൺപട്ടികളേയും പെൺപട്ടികളേയുംപോലെ ദുഷ്കർമങ്ങളുണ്ടാകുന്നത്. ലണ്ടനിലെ ഹെഡ്പാർക്കിൽ പരസ്യമായി അനാശാസ്യപ്രവർത്തനങ്ങൾ നടക്കുന്നു. ഹറാമായ കുട്ടികൾ ജനിക്കുന്നു. അതുകൊണ്ട് 'ഖീലയിലും ഖാലയിലും' മാത്രം നമ്മൾ പരിമിതിപ്പെടുത്തിവെക്കരുത്. പ്രത്യുത കർമങ്ങൾ ഒപ്പമുണ്ടാകേണ്ടതാണ്. കർമങ്ങൾ ആവശ്യമില്ലെന്ന് മനസ്സിലാക്കുന്നവർ ലവലേശം ദീർഘവീക്ഷണമില്ലാത്തവരും അജ്ഞരുമാണ്. പ്രകൃതിനിയമത്തിൽ കർമങ്ങളുടേയും അവയുടെ ഫലങ്ങളുടേയും ഉദാഹരണങ്ങളുണ്ട്. പാപരിഹാര സിദ്ധാന്തങ്ങളുടെ ഒരുദാഹരണവും ഇല്ലതന്നെ. ഉദാഹരണത്തിന് വിശക്കുമ്പോൾ ഭക്ഷണം കഴിച്ചതിനുശേഷം അത് അകലുന്നു. അല്ലെങ്കിൽ ദാഹമുള്ളപ്പോൾ വെള്ളം കുടിച്ചാൽ അത് മാറുന്നു. ഇതിൽനിന്ന് ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്തതിന്റെ ഫലമായി വിശപ്പു മാറുകയും ദാഹം അകലുകയും ചെയ്തുവെന്ന് മനസ്സിലായി. എന്നാൽ, സയ്ദിന് വിശുപ്പുണ്ടാകുകയും ബക്കർ റൊട്ടി തിന്നുകയും ചെയ്യുന്നതുകൊണ്ട് സയ്ദിന്റെ വിശപ്പ് മാറുക എന്നത് അസംഭാവ്യമാണ്. പ്രകൃതിനിയമത്തിൽ ഇതിനെന്തെങ്കിലും ഉദാഹരണമുണ്ടായിരുന്നെങ്കിൽ ഒരുപക്ഷേ, പാപപരിഹാര സിദ്ധാന്ത പ്രശ്നം അംഗീകരിക്കാൻ പഴുതുണ്ടാകുമായിരുന്നു. പക്ഷേ, പ്രകൃതിനിയമത്തിൽ അതിന് ഒരു ഉദാഹരണവും ഇല്ലെന്ന് വരുമ്പോൾ ഉദാഹരണം നോക്കി അംഗീകരിക്കുന്ന ശീലക്കാർ അതിനെ എങ്ങനെ അംഗീകരിക്കാനാണ്? പൊതുവായ മാനുഷികനിയമത്തിലും അതിന് ഉദാഹരണം ലഭിക്കുന്നില്ല. സയ്ദ് കൊല്ലുകയും ബക്കർ കൊലമരത്തിൽ കയറുകയും ചെയ്യുന്നത് ഒരിക്കലും കാണാൻ കഴിഞ്ഞിട്ടില്ല. ചുരുക്കത്തിൽ ഒരുദാഹരണംപോലുമില്ലാത്ത സിദ്ധാന്തമാണിത്. (മൽഫൂദാത്ത് വാള്യം 1, പേജ് 162-165, 2018 ഖാദിയാൻ)

★★★★

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin